# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലംകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം. 5/2321/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 25/11/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലംകോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം. 5/2321/2024 തീയ്യതി: 25/11/2024

## മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-10-2023 മുതൽ 20-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 14-10-2024 | 22-10-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-10-2024 | 22-10-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ സത്താർ. സി. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)(21-10-2024വരെ)
ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനീത് ബാബു. കെ. റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷെഹീർ. കെ. വി. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ശ്രീജിത്ത്. പി. | സെക്രട്ടറി | 01-04-2023 | 03-07-2023 |
| ശ്രീ. സുരേഷ് കുമാർ. വി. വി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2023 | 13-09-2023 |
| ശ്രീമതി. ജഗദമ്മ. എം. | സെക്രട്ടറി | 14-09-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് കുമാർ. വി. വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ. സുരേഷ്. ടി. എം. | കൃഷി ഓഫീസർ | 01-04-2023 | 23-11-2023 |
| ശ്രീമതി. മഞ്ജു. പി. എസ്. | കൃഷി ഓഫീസർ | 24-11-2023 | 20-02-2024 |
| ശ്രീമതി. ലമിന. വി. കെ. | കൃഷി ഓഫീസർ | 21-02-2024 | 31-03-2024 |
| ഡോ. അനിത പ്രസാദ് | വെറ്ററിനറി സർജൻ | 01-04-2023 | 20-06-2023 |
| ഡോ. മനോജ്. സി. ജെ. | വെറ്ററിനറി സർജൻ | 21-06-2023 | 31-07-2023 |
| ഡോ. പാമി. ടി. മാളിയേക്കൽ | വെറ്ററിനറി സർജൻ | 01-08-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. ആരിഫ. എൻ. പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. കെ. സുരേഷ് | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി. സുലൈഖ ബാനു. എൻ. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ. അനുപമ. കെ. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ. ജഷീല. സി. എച്ച്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 30-04-2023 |
| | | 13-05-2023 | 04-07-2023 |
| ഡോ. ജയ. പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-05-2023 | 12-05-2023 |
| ഡോ. അഭിലാഷ്. കെ. റസാക്ക് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05-07-2023 | 31-03-2024 |
| ഡോ. ലീന. വി. കെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 16-08-2023 |
| ഡോ. ഷംസുദ്ദീൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 17-08-2023 | 05-12-2023 |
| ഡോ. അനൂപ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 06-12-2023 | 31-03-2024 |
| ശ്രീമതി. സൂസൻ ജേക്കബ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 26-12-2023 |
| ശ്രീ. ജയേഷ്. കെ. എസ്, ഓവർസീയർ ഗ്രേഡ് 1 | അസിസ്റ്റന്റ് എഞ്ചിനീയർ (നിർവ്വഹണ ചുമതല)) | 27-12-2023 | 31-03-2024 |
| ശ്രീമതി. പ്രെറ്റി വർഗ്ഗീസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 17-07-2023 |
| ശ്രീ. സോമൻ. പി. വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18-07-2023 | 07-01-2024 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 08-01-2024 | 14-01-2024 |
| ശ്രീ. ശ്രീരാജ്. ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15-01-2024 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാങ്ക് റീകൺസിലിയേഷൻ പത്രിക, ബാങ്ക് പാസ്സ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. | 1-1-5 |
| 7 | കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല. | 1-1-6 |
| 8 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-7 |
| 9 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുകകൾ പൊരുത്തപ്പെടാതെ അവശേഷിക്കുന്നു. | 1-1-8 |
| 10 | ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-9 |
| 11 | തൊഴിലുറപ്പ് പദ്ധതി അഡ്വാൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് തുകകളിന്മേലുള്ള വ്യത്യാസം | 1-4-1 |
| 16 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ": അവലോകനം | 1-11 |
| 24 | തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് വരവ് നഷ്ടത്തിന് കാരണമാകുന്നു. | 1-12 |
| 25 | സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-13 |
| 26 | എഫ്.എച്ച്.സി-യിലേക്ക് കംപ്യൂട്ടർ ടേബിൾ വാങ്ങൽ - ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-14 |
| 27 | ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്ക് വാഹന വാടക - രണ്ട് തവണ തുക നൽകി. | 1-15 |
| 28 | KMSCLൽ നിന്നും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-16 |
| 29 | ഹോമിയോ മരുന്നു വാങ്ങൽ – ബാക്കി ലഭിച്ച വിവരം അറിയിക്കേണ്ടതാണ്. | 1-17 |
| 30 | ലൈഫ് മിഷൻ (എസ്.സി.പി) - ഭവന നിർമ്മാണത്തിന് അധികമായി ധനസഹായ തുക നൽകി. | 1-18 |
| 31 | മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി. | 1-20 |
| 32 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകി - പിഴ ഈടാക്കിയില്ല | 1-21 |
| 33 | മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകുന്നു. | 1-22 |
| 34 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-23 |
| 35 | സർക്കാർ സ്കൂളുകൾക്ക് പത്രം, ബാലമാസിക : അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-24 |
| 36 | വിവിധ പർച്ചേസ് പ്രവൃത്തികൾ - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-25 |
| 37 | തുടർ സാക്ഷരത - കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ് | 1-26 |
| 38 | തൊഴിൽ മേള സംഘടിപ്പിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-27 |
| 39 | നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി യിലേക്ക് തുക അടവാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവ് തുക ₹6,14,800/-തടസ്സം ചെയ്യുന്നു. | 1-28 |
| 40 | പൊതു കുടിവെള്ള ടാപ്പുകൾ ഒഴിവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിലേക്ക് തുക അടവാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവ് തുക ₹5,00,000/- തടസ്സം ചെയ്യുന്നു. | 1-29 |
| 41 | അങ്കണവാടിയിൽ വെയിംഗ് മെഷീൻ വിതരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകത. | 1-30 |
| 42 | ജി.എസ്.ടി - ടി.ഡി.എസ് നടത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 43 | ആശ്രയ പദ്ധതി - ചെലവ് വിവരം ലഭ്യമാക്കേണ്ടതാണ്. | 1-32 |
| 44 | എസ്.എസ്.കെ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹11,87,372/- തടസ്സം ചെയ്യുന്നു. | 1-33 |
| | **ഭാഗം 2** | |

| | | |
|---|---|---|
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ആലംകോട് ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.06.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 04.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആലംകോട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി :

## 1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ബാലൻസ് ഷീറ്റിൽ 310900101, 350300101, 460500399 എന്നീ ശീർഷകങ്ങളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2024 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹3,71,46,007), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹33,26,841) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-5 ബാങ്ക് റീകൺസിലിയേഷൻ പത്രിക, ബാങ്ക് പാസ്സ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

1. ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾക്ക് 31.03.2024 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക, ബാങ്ക് പാസ്സ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് (₹) [B-17 ഷെഡ്യൂൾ] |
|---|---|---|
| 1 | State Bank Of India - (57006636979) | 8,480 |
| 2 | Sub Treasury, Changaramkulam - (715121400000001) | 4,037 |
| | **ആകെ** | **12,517** |

2. ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2024 തീയ്യതിയിലെ ബാങ്ക് പാസ്സ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ പാസ്സ്ബുക്ക് ബാലൻസ് ആയി രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല

| ക്രമ നം | ബാങ്ക് അക്കൗണ്ട് | 31.03.2024 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ്സ്ബുക്ക് ബാലൻസ് (₹) |
|---|---|---|
| 1 | SBI MGNREGS – (67061315060) | 5,368 |
| 2 | State Bank Of India – (67387061512) | 41,92,537 |
| 3 | SBI MPLAD - (37691556342) | 11,586 |
| 4 | SBI Life Project – (67217144521) | 9,01,985 |
| 5 | Sub Treasury, Changaramkulam-(799013000000818) | 0 |
| 6 | Treasury Joint Venture Account-(799011400002970) | 0 |
| | **ആകെ** | **51,11,476** |

## 1-1-6 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം കാലാവധി കഴിഞ്ഞും പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ സ്റ്റേൽ ചെക്ക് അക്കൗണ്ട് എന്ന ഹെഡിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള State Bank Of India Changaramkulam (67005597366) എന്ന ബാങ്ക് അക്കൗണ്ടിന്റെ 31.03.2024 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞവയാണ്.

| ക്രമ നം | ചെക്ക് നം/ തീയ്യതി | തുക (₹) |
|---|---|---|
| 1 | 120137/13.12.2023 | 3,00,000 |
| 2 | 938523/13.10.23 | 10,000 |
| 3 | 5494016/19.06.2022 | 80,475 |
| | **ആകെ** | **3,90,475** |

## 1-1-7 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള State Bank Of India Changaramkulam (67005597366) അക്കൗണ്ടിൽ നിക്ഷേപിച്ച 8,434/- രൂപയുടെ 24220/05.12.2023 നമ്പർ ചെക്ക് നിക്ഷേപിച്ചെങ്കിലും യഥാസമയം ക്ലിയർ ചെയ്യാത്തതിനാൽ 31.03.2024 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared എന്ന ഇനമായി പൊരുത്തപ്പെടാത്ത തുകയായി അവശേഷിയ്ക്കുന്നു.

## 1-1-8 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുകകൾ പൊരുത്തപ്പെടാതെ അവശേഷിക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ Directly Credited By Bank ആയി വന്ന താഴെപ്പറയുന്ന തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2024 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും പൊരുത്തപ്പെടാത്ത തുകയായി അവശേഷിയ്ക്കുന്നു.

| ക്രമ നം | തീയ്യതി | തുക (₹) | ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 1 | 07.10.2023 | 14,864 | State Bank Of India Changaramkulam (67005597366) |
| 2 | 22.03.2019 | 5,000 | State Bank Of India Changaramkulam (67387061512) |
| | **ആകെ** | **19,864** | |

2. ഗ്രാമപഞ്ചായത്തിലേയ്ക്ക് ഇ പേയ്മെന്റ് മുഖേന പണം സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന State Bank Of India Changaramkulam (67387061512) ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്ന തുകകൾ യഥാസമയം പരിശോധിച്ച് അക്കൗണ്ട് ചെയ്യാത്തതിനാൽ 31.03.2024 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ 23.03.2022 തീയതിയിൽ ക്രെഡിറ്റ് ആയ 137 രൂപയും, കൂടാതെ 2023 ജൂലായ് മാസം മുതൽ തുടർച്ചയായുള്ള അനേകം തുകകളും ക്രമീകരിക്കപ്പെടാതെ Cheque Deposited But Not Cleared എന്ന ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു

## 1-1-9 ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. താഴെപ്പറയുന്ന ശീർഷകങ്ങളിലെ തുകകൾ 2023-24 വർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ക്രമ നം | ഹെഡ് കോഡ് | അക്കൗണ്ട് ശീർഷകം | നീക്കിയിരിപ്പ് (₹) [B-18 ഷെഡ്യൂൾ] |
|---|---|---|---|
| 1 | 460100102 | Permanent Advance/Imprest | 200 |
| 2 | 460100105 | Tour Traveling Allowance Advance | 60,000 |
| 3 | 460100199 | Other Advances | 10,328 |

| | | | |
|---|---|---|---|
| 4 | 460500204 | Advance To Implementing Agencies - Deposit With Ground Water Department | 42,050 |
| 5 | 460500205 | Advance To Implementing Agencies - Deposit With Public Works Department | 45,417 |
| 6 | 460500499 | Advance To Other Accredited Agencies | 3,309 |
| 7 | 460500501 | Advance To Implementing Officers | 66,045 |
| 8 | 460500601 | Advance To Gramalakshmi Mudralayam | 1,05,337 |
| 9 | 460509901 | Advance To Others | 40,070 |
| | | **ആകെ** | **3,72,756** |

2. 460500801 - Advance To Mahatma Gandhi NREGA/AUEGS Administrative Expense എന്ന ശീർഷകത്തിൽ 31.03.2024 തീയ്യതിയിലെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം 6,04,191/- രൂപയും, അഡ്വാൻസ് രജിസ്റ്റർ പ്രകാരം 28,61,949/- രൂപയുമാണ്.
3. 340200102 - Auction Deposit എന്ന ശീർഷകത്തിൽ 31.03.2024 തീയ്യതിയിലെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരം 24,71,900/-രൂപയും, അഡ്വാൻസ് രജിസ്റ്റർ പ്രകാരം 24,94,610/- രൂപയുമാണ്.
4. വസ്തുനികുതി ഡി.സി.ബി രജിസ്റ്റർ സംഗ്രഹം (സഞ്ചയ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലെ ഡിമാന്റ് (ഷെഡ്യൂൾ I-1), കലക്ഷൻ (ഷെഡ്യൂൾ RP-45), ബാലൻസ് (ഷെഡ്യൂൾ B-15) തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.
5. ലോൺ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരമുള്ള താഴെപറയുന്ന നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ക്രമ നം | ഹെഡ് കോഡ് | അക്കൗണ്ട് ശീർഷകം | നീക്കിയിരിപ്പ് (₹) [B-5 ഷെഡ്യൂൾ] |
|---|---|---|---|
| 1 | 330500102 | Secured Loan From Co-Operative Banks | 6,928 |
| 2 | 330500201 | Secured Loans - Loan From KURDFC | 3,42,67,057 |
| | | **ആകെ** | **3,42,73,985** |

6. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ പ്രത്യേകമായി ബാങ്ക് അക്കൗണ്ട് ഇല്ലാത്തവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
7. ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് (ഷെഡ്യൂൾ B-11(e) പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-1-10 തൊഴിലുറപ്പ് പദ്ധതി അഡ്വാൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

1. 320100128 - Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം തൊഴിലുറപ്പ് പദ്ധതി അഡ്വാൻസ് വരവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്ക്, ബന്ധപ്പെട്ട ക്യാഷ്ബുക്ക് എന്നിവയിൽ താഴെപറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | തുക (₹) | | |
|---|---|---|---|
| | വാർഷിക കണക്ക് | തൊഴിലുറപ്പ് പദ്ധതി ക്യാഷ്ബുക്ക് | വ്യത്യാസം |
| അഡ്വാൻസ് വരവ് | 20,60,049 | 20,54,681 | 5,368 |
| അഡ്വാൻസ് നീക്കിയിരിപ്പ് | 5,368 | 0 | 5,368 |

2. 320100128 - Mahatma Gandhi National Rural Employment Guarantee Scheme, 160100628 – Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകങ്ങളുടെ ലെഡ്ജർ, ബന്ധപ്പെട്ട ക്യാഷ്ബുക്ക് എന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതി അഡ്വാൻസ് ചെലവ് ₹30,97,836/- ആണ്. ഇതിൽ, NREGS സ്റ്റേറ്റ് മിഷനിലേയ്ക്ക് അടവാക്കിയ ബാങ്ക് പലിശ തുക ₹21,306/- മാത്രമാണ് ഷെഡ്യൂൾ I-14(F) ലെ 256100116 - Administrative Expenses- Mahatma Gandhi NREGA/AUEGS എന്ന ശീർഷകത്തിലേയ്ക്ക് പോസ്റ്റ് ചെയ്തിട്ടുള്ളത്.

## 1-1-11 ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇൻകം ആൻഡ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I-17(A) പ്രകാരം ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 1-2 ബജറ്റ്

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./ തിയ്യതി |
|---|---|
| 2(1)/15.03.2023 | 1(1)/05.02.2024 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 7,56,72,043 |
| വരവ് | 22,59,45,504 |
| ആകെ | 30,16,17,547 |

| | |
|---|---|
| ചെലവ് | 22,26,18,663 |
| നീക്കിയിരിപ്പ് | 7,89,98,884 |

**കുറിപ്പ്**:- വാർഷിക കണക്ക് റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൂടെ, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായ വിവിധ ഫണ്ട് ഇനങ്ങളുടെ ട്രഷറി മുഖേന ഉള്ള തുകകൾ, സാമൂഹിക സുരക്ഷാ പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവയും ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്

## 1-4-1 ഫണ്ട് തുകകളിന്മേലുള്ള വ്യത്യാസം

വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | |
|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക കണക്ക് (I-6 + B-3) |
| 1 | വികസന ഫണ്ട് - ജനറൽ | 1,82,80,000 | 1,60,50,933 | 1,82,80,000 |
| 2 | വികസന ഫണ്ട് - എസ്.സി.പി | 1,00,68,084 | 83,15,764 | 1,00,68,084 |
| 3 | സംരക്ഷണഗ്രാന്റ് (റോഡ്) | 84,81,966 | 1,40,46,525 | 84,81,966 |
| 4 | സംരക്ഷണഗ്രാന്റ് (റോഡിതരം) | 42,09,281 | 59,40,763 | 42,09,281 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 28,06,085 | 28,16,085 | 21,91,285 |

**കുറിപ്പ്**:-

1. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്ന ഇനത്തിൽ 278, 282, 285 എന്നീ നമ്പറുകളിലായി സോഫ്റ്റ് ഡിഡക്ഷൻ നടത്തിയ പ്രോജക്റ്റുകളുടെ ചെലവ് ₹17,52,320/- ആണ് വികസന ഫണ്ട് - എസ്.സി.പി പ്രകാരം വാർഷിക കണക്ക്/ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവ തമ്മിലുള്ള വ്യത്യാസം.

2. അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 276, 280, 283 എന്നീ നമ്പറുകളിലും, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 277, 281, 284 എന്നീ നമ്പറുകളിലുമായി തൻവർഷത്തിൽ ആകെ ₹23,47,247/- ആണ് ജി.ഒ പ്രോജക്റ്റുകൾ മുഖേന വികസന ഫണ്ട് - ജനറലിൽ നിന്നും സോഫ്റ്റ് ഡിഡക്ഷൻ നടത്തിയിട്ടുള്ളത്. എന്നാൽ, വാർഷിക കണക്ക്/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവ തമ്മിലുള്ള വ്യത്യാസം ₹22,29,067/- ആണ്. ഇവ തമ്മിൽ 1,18,180/- രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമല്ല. ഇതുൾപ്പെടെ മറ്റ് ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകളിന്മേലുള്ള വ്യത്യാസം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/21.10.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,67,57,753 | 1,67,57,753 | 1,60,50,933 | 7,06,820 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 94,01,680 | 94,01,680 | 83,15,764 | 10,85,916 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1,48,80,000 | 1,48,80,000 | 1,40,46,525 | 8,33,475 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 71,44,000 | 71,44,000 | 59,40,763 | 12,03,237 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 63,22,588 | 23,73,000 | 86,95,588 | 22,33,625 | 64,61,963 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 31,13,965 | 33,39,880 | 64,53,845 | 21,91,285 | 42,62,560 |

**കുറിപ്പ്** :-

1. അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺ ടൈഡ് ഇനങ്ങളുടെ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവയുടെ നീക്കിയിരിപ്പ് തെറ്റായാണ് കാണിച്ചിട്ടുള്ളത്. ഈയിനങ്ങളുടെ മുന്നിരിപ്പ് ഉൾപ്പെടുത്തി, ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്ന വിധത്തിലാണ് ഈ ഓഡിറ്റ് റിപ്പോർട്ടിൽ വിവരം രേഖപ്പെടുത്തിയിട്ടുള്ളത്.
2. അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് ഇനത്തിലെ തൻവർഷ വരവ് 31,64,000/- രൂപയാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺ ടൈഡ് ഇനങ്ങൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ തൻവർഷം പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്ത 1,75,880/- രൂപ വാർഷിക കണക്കിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് ഇനത്തിലെ വരവിനോടൊപ്പം ചേർത്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 250 | 22,19,39,400 | 151 | 10,73,46,486 | - | 99 | 60.4% |

**കുറിപ്പ്** :-
അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 276, 280, 283 എന്നീ നമ്പറുകളിലും, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 277, 281, 284 എന്നീ നമ്പറുകളിലും, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്ന ഇനത്തിൽ 278, 282, 285 എന്നീ നമ്പറുകളിലുമായി തൻവർഷത്തിൽ ആകെ ₹40,99,567/- സോഴ്സ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.**

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| അഡ്മിൻ തുക | 10,43,155 | 20,60,049 | 31,03,204 | 30,97,836 | 5,368 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 0 | 2,71,64,853 | 2,71,64,853 | 2,71,64,853 | 0 |
| **ആകെ** | **10,43,155** | **2,92,24,902** | **3,02,68,057** | **3,02,62,689** | **5,368** |

**കുറിപ്പ്** :- അഡ്മിൻ ഇനത്തിലെ വരവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കും ക്യാഷ്ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത്. [ഖണ്ഡിക 1-1-10 കാണുക]

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 3,38,65,700 | 2170 |
| കർഷകതൊഴിലാളി പെൻഷൻ | 18,28,000 | 117 |
| വിധവാപെൻഷൻ | 1,59,66,500 | 1023 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,67,400 | 30 |
| വികലാംഗപെൻഷൻ | 46,97,900 | 301 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,20,000 | 4 |
| **ആകെ** | **5,69,45,500** | **3615** |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2024ന് 3:18 പി.എം. ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധന സമയത്ത് ക്യാഷ്ബുക്ക് പ്രകാരമുള്ള തുക ₹10,778/- ആയിരുന്നെങ്കിലും ക്യാഷ് ചെസ്റ്റിൽ കാണപ്പെട്ടത് 11,480/- രൂപയാണ്. അധികമായി കാണപ്പെട്ട 702 രൂപ ഫ്രണ്ട് ഓഫീസ് സ്റ്റാഫ് ചില്ലറ നൽകുന്നതിനായി സ്വന്തം കയ്യിൽ നിന്നും എടുത്ത് ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചതാണെന്ന് സെക്രട്ടറി വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി), മെഡിക്കൽ ഓഫീസർ (ഹോമിയോ), മെഡിക്കൽ ഓഫീസർ (ആയുർവേദം), വെറ്ററിനറി സർജൻ, ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയത് തയ്യാറാക്കുന്നു എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
2. ട്രഷറിയിൽ നിന്നും തുക മാറുന്ന എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ബിൽ ബുക്ക്/ ഇ- ബിൽ ബുക്ക് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ (ആയുർവേദം), ഹെഡ് മാസ്റ്റർ എന്നിവർ ആയത് സൂക്ഷിക്കുന്നില്ല.
3. ഇ- ടെണ്ടർ നടപടികളിലൂടെയുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ലഭ്യമാവുന്ന ടെണ്ടർ ഫീ അതാത് സമയം പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുന്നില്ല. ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ ടെണ്ടർ ഫീ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലൂടെ സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നൽകേണ്ടതും, സെക്രട്ടറി ആയത് ലഭിച്ചതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ മതിയായ രസീതി നൽകേണ്ടതും, പ്രസ്തുത രസീതി അസിസ്റ്റന്റ് എഞ്ചിനീയർ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.
4. ഗ്രാമ പഞ്ചായത്ത് ഓഫീസിനായി മതിയായ സൗകര്യത്തോട് കൂടിയ ഓഫീസ് കെട്ടിടം എത്രയും വേഗം പൂർത്തിയാക്കേണ്ടതും വൃത്തിയോടെ പരിപാലിക്കേണ്ടതുമാണ്. നിലവിലെ കെട്ടിടത്തിലെ ശുചിത്വ പാലനം തൃപ്തികരമല്ലായെന്ന് കാണുന്നു. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സെക്രട്ടറി മതിയായ വിശദീകരണം തേടി ആയത് പരിഹരിക്കേണ്ടതാണ്.
5. ഗ്രാമ പഞ്ചായത്തിന്റെ വാടകക്കെട്ടിടങ്ങൾ ഉപയോഗിക്കുന്നവർ പ്രസ്തുത കെട്ടിടങ്ങളും പരിസരങ്ങളും വൃത്തിയോടെ പരിപാലിക്കുന്നുവന്ന് ഉറപ്പു വരുത്തേണ്ടതും, ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കരാറിൽ പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
6. ഗ്രാമ പഞ്ചായത്തിന്റെ വാടകക്കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്നും പ്രതിവർഷ വാടക വർദ്ധനവിന് അനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റു തുകയിലും വരുന്ന വർദ്ധനവ് തുക, കരാർ ചമയ്ക്കുന്നതിനു മുമ്പേ ഈടാക്കി എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2021 | ഒക്ടോബർ 2021 | 22.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.08.2004 | 2004-05 മുതൽ 2008-09 വരെ | 13.09.2004 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ": അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ " എന്ന വിഷയത്തിൽ ആലംകോട് ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് നടത്തിയ അവലോകനം.

**1) അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| **1) പഞ്ചായത്തിലെ ആകെ ജനസംഖ്യ** | | 33918 |
| **2) ആകെ വാർഡുകളുടെ എണ്ണം** | | 19 |
| **വാർഡ് നമ്പർ** | **3) വാർഡിൽ ആൾ താമസമുള്ള വീടുകളുടെ എണ്ണം** | **4) വാർഡിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം** |
| 1 | 500 | 39 |
| 2 | 466 | 75 |
| 3 | 461 | 23 |
| 4 | 448 | 75 |
| 5 | 425 | 10 |
| 6 | 434 | 39 |
| 7 | 370 | 4 |
| 8 | 466 | 55 |
| 9 | 429 | 19 |
| 10 | 378 | 24 |
| 11 | 591 | 42 |
| 12 | 475 | 31 |
| 13 | 405 | 27 |
| 14 | 445 | 24 |
| 15 | 415 | 61 |
| 16 | 700 | 38 |
| 17 | 417 | 19 |
| 18 | 635 | 48 |
| 19 | 410 | 21 |
| **ആകെ** | **8870** | **674.00** |
| **5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം** | | 30 |
| **6) വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ** | | ഉണ്ട് |

**2) മാലിന്യ ശേഖരണ കാര്യക്ഷമത**

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട് . ഹരിത കർമ്മ സേനാംഗങ്ങൾ, ജനപ്രതിനിധികൾ , ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, എൻ.എസ്.എസ്. വളണ്ടിയേഴ്സ് എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്പ് സംവിധാനം പ്രാവർത്തികമാക്കിവരുന്നുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി വീടുകൾക്കും സ്ഥാപനത്തിനും സഞ്ചി/ചാക്കുകൾ വിതരണം ചെയ്തിട്ടില്ല.

**3) മാലിന്യ വേർതിരിവ് പാലിക്കൽ**

ശേഖരിക്കുന്ന മാലിന്യങ്ങൾ 70 ശതമാനത്തോളം ഉറവിടത്തിൽ തന്നെ വേർ തിരിച്ച് ക്രമീകരിക്കുന്നു. ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന മാലിന്യം എം.സി.എഫ് ൽ എത്തിച്ച് വേർതിരിച്ചു പരിപാലിക്കുന്നു. ക്ലീൻ കേരള കമ്പനിയാണ് റിജക്ട് വേസ്റ്റ് നീക്കം ചെയ്യുന്നത്. എക്കോ വേൾഡ് കോട്ടക്കൽ എന്ന സ്ഥാപനത്തിനാണ് സെഗ്രിഗേറ്റഡ് വേസ്റ്റ് നൽകുന്നത്.

**4) റീസൈക്ലിംഗ്**

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ലാൻഡ്ഫില്ലുകളിൽ (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ ലെഗസി മാലിന്യം) നിന്നും ലഭിക്കുന്ന മാലിന്യം എം.സി.എഫിൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

**5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ബോധവത്കരണ നോട്ടീസുകൾ, മൈക്ക് അനൗൺസ്മെന്റ്, നവ മാധ്യമങ്ങൾ വഴിയുള്ള ബോധവത്കരണം, MGNREGS, കുടുംബശ്രീ എന്നിവരുടെ മീറ്റിംഗ് എന്നിവ നടത്തിയിട്ടുണ്ട്.

**6) തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും ക്ലീനിംഗ് സ്റ്റാഫിനും പ്രത്യക്ഷമായും, റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് സാധിക്കുന്നു. പ്രതിമാസം 660 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ശരാശരി 8000 രൂപയോളം പ്രതിമാസം വേതനയിനത്തിൽ ഓരോ ഹരിതകർമ്മസേനാംഗങ്ങൾക്കും ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

**7) അടിസ്ഥാന സൗകര്യ വികസനം**

നിലവിൽ 1 എം.സി.എഫ് ഗ്രമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആയത് ഗ്രാമ പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 19 മിനി എം.സി.എഫുകൾ പ്രവർത്തിക്കുന്നുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു വാഹനം ഉണ്ട്. കുടുംബശ്രീ വഴി 2 ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ ഓഫീസ് സൗകര്യം സജ്ജീകരിച്ചിട്ടുണ്ട്.

**8) പാരിസ്ഥിതിക ആഘാതം**

മാലിന്യം അനധികൃതമായി തള്ളുന്നതുമായി ബന്ധപ്പെട്ട് 6 സംഭവങ്ങളിൽ 36,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്.

**9) പരിശീലനവും വികസനവും**

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി പഞ്ചായത്ത്, ഹരിത സഹായ സംഘം എന്നിവരുടെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. അജൈവ മാലിന്യ തരം തിരിക്കൽ പരിശീലനം, ബെയ്‌ലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ പ്രവർത്തന പരിശീലനം എന്നിവ നൽകിയിട്ടുണ്ട്.

**10) നിയമങ്ങൾ പാലിക്കൽ**

30.07.2021 ലെ 3(1) നമ്പർ തീരുമാന പ്രകാരം കരട് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പഞ്ചായത്ത് ഭരണ സമിതി തയ്യാറാക്കി. പഞ്ചായത്ത് ഡയറക്ടറുടെ 19.05.2022 ലെ PAN/6846/2022-C6(DP) ഉത്തരവ് പ്രകാരം ബൈലോ അംഗീകരിച്ചു. മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവത്കരിക്കുന്നതിന് ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. ഓൺലൈൻ മീഡിയ, നോട്ടീസുകൾ മുതലായവ വഴിയും പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

**11) ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലേയ്ക്ക് 30 ഹരിതകർമ്മസേനാംഗങ്ങളാണുള്ളത്. എല്ലാ മാസവും പഞ്ചായത്ത് തല അവലോകനയോഗം നടത്തിവരുന്നു. ഹരിതകർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഹരിത സഹായ സംഘത്തിന്റെ നേതൃത്വത്തിൽ സമയാസമയങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പൊതു ജനങ്ങളിൽ നിന്നുള്ള നിസ്സഹകരണം മൂലം എല്ലാ മാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്. ജനങ്ങളുടെ നിസ്സഹകരണം, യൂസർ ഫീ നൽകുന്നതിലെ വിമുഖത, ഹരിതകർമ്മസേനാംഗങ്ങളുടെ 8 പേരുടെ കുറവ് എന്നിവ പരിമിതികളാണ്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) & റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)**

**1) അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| 1) എം.സി.എഫ്/ആർ.ആർ.എഫ് (സ്ഥിരം /താത്കാലികം) എണ്ണം | 1 എം.സി.എഫ് (സ്വന്തം കെട്ടിടം)<br>ആർ.ആർ.എഫ് ഇല്ല |
| 2) ബെയ്‌ലിംഗ് /ഷ്രെഡിംഗ് യുണിറ്റുകൾ ഉണ്ടോ ? | ബെയ്‌ലിംഗ് യുണിറ്റ് - 1<br>ഷ്രെഡിംഗ് യുണിറ്റ് – 1 |
| 3) അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | വാർഡ് 16 |
| 4) അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | ഉണ്ട് |
| 5) അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ?<br>(ട്രിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി തുടങ്ങിയവ. | ഉണ്ട്<br>1255 ച. അടി |
| 6) അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ | ചങ്ങരംകുളം ഈസ്റ്റ് |
| 7) അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ? | ഉണ്ട് (വലിയ വാഹനത്തിന് പോകുവാനുള്ള സൗകര്യം ഇല്ല) |
| 8) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ? | നിലവിൽ ഇല്ല |

**2) മാലിന്യ കൈമാറ്റ കാര്യക്ഷമത**

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി എം.സി.എഫ് ലേക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട് .

**3) മാലിന്യ സംഭരണ ശേഷി**

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം /അജൈവം | 4000 KG<br>അജൈവം |

| | |
|---|---|
| 2) കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി എം.സി.എഫ്/ആർ.ആർ.എഫ് കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | സ്ഥല പരിമിതിയുണ്ട്. |
| 3) ആകെ വിസ്തൃതി | 1255 ച. അടി |
| 4) അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | 2 മാസം |

4) **മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

| | |
|---|---|
| മാലിന്യം ഇനം തിരിക്കുന്നത് | Types - HM, PP, BB, MILK COVER, LD, REJECT, SCRAP, GLASS WASTE,IRON, TIN, CARDBOARD Etc.. |
| തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് എം.സി.എഫ്/ ആർ.ആർ.എഫ് -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ | 1. Fire Extinguisher<br>2. Mask ,Glouse,<br>3. Detol, Hand Wash<br>4. Boots<br>5. Uniforms<br>6. Rain Coat |

5) **ശുചിത്വ മാനദണ്ഡങ്ങൾ**

എം.സി.എഫും പരിസരവും വൃത്തിയായി സൂക്ഷിച്ച് വരുന്നു.

6) **യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്**

വീടുകളിൽ നിന്നും കടകളിൽ 30 ദിവസത്തിന്റെ ഇടവേളയിൽ ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ എം.സി.എഫ് ൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്യുന്നു. ബന്ധപ്പെട്ട കമ്പനികൾക്ക് മാസത്തിൽ രണ്ട് തവണ മാലിന്യം നൽകുന്നു. ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള ക്ലീൻ കേരള കമ്പനിയാണ് റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യുന്നത്. സെഗ്രിഗേറ്റഡ് വേസ്റ്റ് നൽകുന്നത് എക്കോ വേൾഡ് കോട്ടക്കൽ എന്ന സ്ഥാപനത്തിനാണ്.

**മറ്റു വിവരങ്ങൾ**

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ കനറാ ബാങ്ക് ചങ്ങരംകുളം ശാഖയിൽ (3744101009954) അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീതി ബുക്കുകൾ ഉപയോഗിക്കുന്നു.

| ആകെ വരവ് (₹) | | ആകെ ചെലവ് (₹) | |
|---|---|---|---|
| ഗ്യാപ്പ് ഫണ്ട് | ഇല്ല | ഹരിത കർമ്മസേന ശമ്പളം | 18,76,468 |
| യൂസർഫീ | 16,17,371 | പർച്ചേസ് | - |
| സ്ക്രാപ്പ് വിൽപ്പന | 2,85,517 | മറ്റ് ചെലവ് | - |
| ക്ലീൻ കേരള | | | |
| മറ്റു വരവുകൾ | | | |
| **ആകെ** | **19,02,888** | **ആകെ** | **18,76,468** |

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 1 | 133/24 – ഹരിതകർമ്മ സേനക്ക് വാഹനം വാങ്ങൽ | 5,10,000/- (ധനകാര്യ കമ്മീഷൻ അവാർഡ് : ₹2,10,000/-, കേന്ദ്രാവിഷ്കൃത ഫണ്ട് : ₹3,00,000/-) | 4,91,892/- (ധനകാര്യ കമ്മീഷൻ അവാർഡ് : ₹1,91,892/-, കേന്ദ്രാവിഷ്കൃത ഫണ്ട് : ₹3,00,000/-) |
| 2 | 222/24 – ഹരിതകർമ്മസേനക്ക് യൂണിഫോം സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ) | 80,000/- (വികസന ഫണ്ട് : ₹68,592/-, തനത് ഫണ്ട് : ₹11,408/-) | 67470 വികസന ഫണ്ട്-62400, തനത് ഫണ്ട്-5070) |
| 3 | 65/24 – ഹരിതകർമ്മസേനക്ക് ഉപകരണങ്ങൾ വാങ്ങൽ | 1,00,000/- (തനത് ഫണ്ട്) | 61,820/- |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ഗ്രാമപഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ 1 എം.സി.എഫ് ആണ് പ്രവർത്തിക്കുന്നത്. സ്ഥല സൗകര്യ പരിമിതിയുണ്ട്. ബെയ്ലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുള്ളത് ഈ കെട്ടിടത്തിലാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. എല്ലാമാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്. അടിസ്ഥാന സൗകര്യമായ കുടിവെള്ളത്തിന് ഫിൽട്ടർ സ്ഥാപിക്കേണ്ടതുണ്ട്.
2. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ട്രോളികൾ വാങ്ങി നൽകേണ്ടതുണ്ട്.
3. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും പൊതുജനങ്ങളിൽ ആവശ്യമായ ബോധവല്ക്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.
4. ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## 1-12 തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് വരവ് നഷ്ടത്തിന് കാരണമാകുന്നു.

ഗ്രാമപഞ്ചായത്തിലേയ്ക്ക് ഓൺലൈൻ ഇടപാടുകൾ മുഖേന പണം സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന SBI ചങ്ങരംകുളം ബ്രാഞ്ചിലെ 67387061512 നമ്പർ അക്കൗണ്ടിൽ 31.03.2024 തീയ്യതിയിലെ ബാലൻസ് ഷീറ്റ് പ്രകാരം 41,92,537/- രൂപ നീക്കിയിരുപ്പ് ഉണ്ട്. ഇത് ഒരു പലിശ രഹിത കറന്റ് അക്കൗണ്ട് ആയതിനാൽ ഈ അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പ് അവശേഷിച്ചതുവഴി ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരവ് നഷ്ടമാകുന്നതിന് കാരണമായിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് വിരുദ്ധമാണ്.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/21.10.2024ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തനത് ഫണ്ട് തുക ഗ്രാമപഞ്ചായത്തിന് സാമ്പത്തികമായി പ്രയോജനം ചെയ്യുന്ന വിധത്തിൽ കൈകാര്യം ചെയ്യാൻ ഭരണസമിതി തീരുമാനത്തിന് വിധേയമായി തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

ആലംകോട് ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ, സ്ഥാപനങ്ങൾ ലഭ്യമാക്കിയ പത്രികകൾ എന്നിവ പരിശോധിച്ചതിൽ 2023-24 വർഷത്തിൽ വിവിധ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.
   1. ഐ.സി.ഐ.സി.ഐ ബാങ്ക്, ചങ്ങരംകുളം
   2. എസ്.എം. ഇംഗ്ലീഷ് സ്കൂൾ, ചങ്ങരംകുളം
   3. മാർബിൾ ലാൻഡ്, ചങ്ങരംകുളം
   4. ഗ്രാൻഡ് മെഡിക്കൽ സെന്റർ, ചങ്ങരംകുളം
2. താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ 2023-24 രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.
   1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചങ്ങരംകുളം
   2. ചങ്ങരംകുളം സർവീസ് സഹകരണ ബാങ്ക്

മേൽ ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളോ, തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണമോ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/17.10.2024ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 എഫ്.എച്ച്.സി-യിലേക്ക് കംപ്യൂട്ടർ ടേബിൾ വാങ്ങൽ - ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 224/24 – എഫ്.എച്ച്.സി യുടെ പ്രവർത്തന ചിലവ് |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| അടങ്കൽ (₹) | 4,26,556/- (തനത് ഫണ്ട്) |
| ചെലവ് (₹) | 1,39,255/- |

കേരളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് 08.11.2010 തീയ്യതിയിലെ ജി.ഒ.(പി) നം. 259/2010/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകളാണ് അടിസ്ഥാനമാക്കേണ്ടത്. പ്രസ്തുത മാർഗ്ഗരേഖയിലെ ഭാഗം 3.2 പ്രകാരം, ഗ്രാമപഞ്ചായത്തുകളിൽ 5,000/- രൂപയ്ക്ക് മുകളിൽ 25,000/- രൂപ വരെ മതിപ്പ് വില വരുന്ന സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ട് ആയിരിക്കണം. മേൽ പ്രോജക്ട് മുഖേന ആലംകോട് എഫ്.എച്ച്.സി-യിലേക്ക് താഴെപ്പറയുന്ന പ്രകാരം ഒരു കംപ്യൂട്ടർ ടേബിൾ വാങ്ങിയതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ക്വട്ടേഷൻ രേഖകൾ ഫയലിൽ ലഭ്യമല്ല.

| ഉപകരണം | സ്ഥാപനം, ഇൻവോയ്സ് നം, തീയ്യതി | തുക (₹) | തുക അനുവദിച്ച വൗച്ചർ നം, തീയ്യതി |
|---|---|---|---|
| 5*3 Computer Table | നമ്പാടത്ത് ഫർണിച്ചർ ചങ്ങരംകുളം നം. 129/11.03.24 | 7,500 | 22301175/15.03.2024 |

മേൽ ഉപകരണം സമാഹരിച്ചതിന് ക്വട്ടേഷൻ നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാനും, ഇല്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/19.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്തിൽ, ക്വട്ടേഷൻ നടപടികൾ പാലിക്കാതെ നടത്തിയ 7,500/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു

## 1-15 ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്ക് വാഹന വാടക - രണ്ട് തവണ തുക നൽകി.

| | |
|---|---|
| പ്രോജക്ട് നം, പേര് | 72/24 – പൊതുജനാരോഗ്യ ശാക്തീകരണം |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| അടങ്കൽ (₹) | 2,65,600/- (തനത് ഫണ്ട്) |
| ചെലവ് (₹) | 1,45,800/- |

2023-24 വർഷത്തിൽ ആലംകോട് എഫ്.എച്ച്.സി യുടെ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്ക് ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ ശ്രീ. സിദ്ധിക്ക് എന്നയാളുടെ KL54C-7182 നമ്പർ വാഹനം തെരഞ്ഞെടുത്തിരുന്നു. ഒരു ദിവസത്തേക്ക് 50 കി.മീ/6 മണിക്കൂർ ഓടുന്നതിന് 1,000/- രൂപ എന്ന നിരക്കിലാണ് ക്വട്ടേഷൻ അംഗീകരിച്ചത്. മേൽ പ്രോജക്ട് മുഖേന വാഹന വാടക നൽകിയപ്പോൾ ഒരേ ദിവസത്തെ ഓട്ടത്തിന് താഴെപ്പറയും പ്രകാരം രണ്ട് തവണ തുക നൽകിയിട്ടുണ്ട്.

| യാത്ര തീയ്യതി, സമയം | സ്ഥലം | രസീത് നം. | നൽകിയ തുക (₹) | തുക അനുവദിച്ച |
|---|---|---|---|---|

| | | (Form T.T.F.R) | | വൗച്ചർ നം, തീയ്യതി, ആകെ തുക |
|---|---|---|---|---|
| 22.08.2023, 10 AM – 1 PM | ആലംകോട് എഫ്.എച്ച്.സി മുതൽ ചങ്ങരംകുളം സബ്സെന്റർ വരെ | 17 | 1,000 | 22300481/24.09.23, ₹17,000 |
| 22.08.2023, സമയം രേഖപ്പെടുത്തിയിട്ടില്ല | ആലംകോട് എഫ്.എച്ച്.സി മുതൽ ചങ്ങരംകുളം സബ്സെന്റർ വരെ | 19 | 1,000 | 22300699/14.11.23, ₹10,000 |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/19.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുകയോ അധിക തുക തിരികെ അടവാക്കി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്. തുക ക്രമീകരിക്കുന്നതുവരെ 1,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-16 KMSCLൽ നിന്നും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കാൻ അവശേഷിക്കുന്നു.

2023-24 വർഷത്തിൽ മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി KMSCLന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ/ ഉപകരണങ്ങൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിവരം | ബിൽ/വൗച്ചർ നം, തീയ്യതി | തുക (₹) | പ്രൊഫോർമ ഇൻവോയ്സ് നം. | ആകെ ലഭിച്ച മരുന്നുകളുടെ വില | | ശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|---|---|
| | | | | | ഇൻവോയ്സ് നം./തീയ്യതി | മരുന്ന് വില(₹) | |
| 1 | 69/24 - കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് അടങ്കൽ : ₹8,00,000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) ചെലവ് : ₹8,00,000/- | BRN2315125203590 0454853/18.08.23 | 2,00,000 | PRF895/ 08.08.23 | 26814/12.02.24 | 8,665 | 1,00,818 |
| | | | | | 29645/08.03.24 | 26,681 | |
| | | | | | 147/01.04.24 | 26,435 | |
| | | | | | 7541/27.05.24 | 13,721 | |
| | | | | | 8466/30.05.24 | 3,662 | |
| | | | | | 16869/25.06.24 | 7,047 | |
| | | | | | 18094/28.06.24 | 8,523 | |
| | | | | | 31940/30.07.24 | 640 | |
| | | | | | 47406/07.09.24 | 3,808 | |
| | | | | | **ആകെ** | **99,182** | |
| 2 | " | BRN2315125203590 1300001/01.03.24 | 2,00,000 | PRF4362/ 21.02.24 | 3160/25.04.24 | 5,410 | 66,182 |
| | | | | | 4419/06.05.24 | 48,089 | |
| | | | | | 8955/31.05.24 | 8,198 | |
| | | | | | 12771/13.06.24 | 9,064 | |
| | | | | | 19846/03.07.24 | 20,053 | |
| | | | | | 33382/02.08.24 | 4,782 | |
| | | | | | 35370/06.08.24 | 3,199 | |
| | | | | | 43160/24.08.24 | 11,917 | |
| | | | | | 47223/06.09.24 | 896 | |
| | | | | | 47795/10.09.24 | 22,210 | |
| | | | | | **ആകെ** | **1,33,818** | |
| 3 | 70/24 - അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ അടങ്കൽ : ₹1,45,000/- (തനത് ഫണ്ട്) ചെലവ് : ₹1,45,000/- | Vr. 22301202/ 21.03.24 | 1,04,636 | PRF 4950/ 12.03.24 | 27962/20.07.24 | 1,036 | 41,107 |
| | | | | | 48710/19.09.24 | 62,493 | |
| | | | | | **ആകെ** | **63,529** | |
| 4 | 67/24 - പരിരക്ഷ പാലിയേറ്റീവ് കെയർ അടങ്കൽ : ₹8,38,400/- (₹5,95,550/- വികസന ഫണ്ട് ജനറൽ + ₹2,42,850/- തനത് ഫണ്ട്) ചെലവ് : ₹7,86,139/- (₹5,44,062/- | BRN2315125203590 1508392/24.03.24 (വികസന ഫണ്ട് ജനറൽ) | 1,39,683 | PRF 4476/ 24.02.24 | ലഭ്യമായിട്ടില്ല | | 1,39,683 |
| | | | | | **ആകെ** | **0** | |

| | | | | | | | |
|---|---|---|---|---|---|---|---|
| | വികസന ഫണ്ട് ജനറൽ + ₹2,42,077/- തനത് ഫണ്ട്) | | | | | | |
| 5 | ” | Vr. 22301150/ 12.03.24 | 95,317 | PRF 4478/ 24.02.24 | ലഭ്യമായിട്ടില്ല<br>ആകെ | 0 | 95,317 |
| | ആകെ | | 7,39,636 | | | 2,96,529 | 4,43,107 |

വിവിധ പ്രോജക്ടുകളിലായി ലഭ്യമാക്കാൻ അവശേഷിയ്ക്കുന്ന ആകെ 4,43,107/- രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/19.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിയ്ക്കുന്ന മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക്/ഇൻവോയ്സ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

## 1-17 ഹോമിയോ മരുന്നു വാങ്ങൽ – ബാക്കി ലഭിച്ച വിവരം അറിയിക്കേണ്ടതാണ്.

പ്രൊജക്ട് നം. 68/24 – ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

നിർവഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ & ചെലവ് : ₹3,50,000 (MG-NR)

ബിൽ (BRN) നം. 23151252036000726356/02.11.2023, ₹3,50,000/-

പദ്ധതി പ്രകാരം മരുന്നു വാങ്ങുന്നതിനായി HOMCO ന് 3,50,000/- രൂപ മുൻകൂർ നൽകിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നു ലഭിച്ചിട്ടില്ല. ലഭിച്ചവയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | തുക (₹) |
|---|---|
| മുൻകൂർ (AhiMS Order No. ORDER/10D02/2023-24/1 Dt. 10.02.24) | 3,50,000 |
| ലഭിച്ചത് : Invoice No : LF-3351/26.03.24 | 1,17,707 |
| **ബാക്കി** | **2,32,293** |

ബാക്കി 2,32,293/- രൂപയുടെ മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ, മെഡിക്കൽ ഓഫീസർ പ്രൊജക്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയത് തുടർന്ന് തയ്യാറാക്കിയ വിവരവും അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 15/19.10.2024 )

## 1-18 ലൈഫ് മിഷൻ (എസ്.സി.പി) - ഭവന നിർമ്മാണത്തിന് അധികമായി ധനസഹായ തുക നൽകി.

| | |
|---|---|
| പ്രോജക്ട് നം, പേര് | 17/24 - ലൈഫ് ഭവന പദ്ധതി എസ്.സി.പി |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ (₹) | 34,86,100/- (വികസന ഫണ്ട് എസ്.സി.പി)<br>80,00,000/- (സംസ്ഥാന വിഹിതം)<br>1,76,00,000/- (ലോൺ)<br>22,08,900/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>32,50,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)<br>**3,45,45,000/- (ആകെ)** |
| ചെലവ് (₹) | 34,86,100/- (വികസന ഫണ്ട് എസ്.സി.പി)<br>29,00,000/- (സംസ്ഥാന വിഹിതം)<br>57,70,000/- (ലോൺ)<br>14,70,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>5,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)<br>**1,41,26,100/- (ആകെ)** |

സ.ഉ.(കൈ) നം. 115/2022/എൽ.എസ്.ജി.ഡി, തീയ്യതി 28.05.2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി ധനസഹായത്തിന്റെ മാർഗ്ഗരേഖ ഖണ്ഡിക 6.7(1) പ്രകാരം, ലൈഫ് മിഷൻ വ്യവസ്ഥകൾക്ക് വിധേയമായി 4 ലക്ഷം രൂപയാണ് ഭവനനിർമ്മാണത്തിനായി എല്ലാ വിഭാഗക്കാർക്കും അനുവദിക്കാവുന്ന ധനസഹായം.
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടും, മുൻവർഷത്തെയും തുടർവർഷത്തെയും സമാന പ്രോജക്ടുകളും മുഖേന പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് വിവിധ ഗഡുക്കളായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക്, മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക നൽകിയതായി ട്രഷറി ബില്ലുകൾ, ഗുണഭോക്തൃ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ വിവരം | വിവിധ ഗഡുക്കളായി കൈപ്പറ്റിയ ധനസഹായം | | | തുക കൈമാറിയ ബിൽ നം., ആകെ ബിൽ തുക / റിമാർക്ക് |
|---|---|---|---|---|---|
| | | തുക (₹) | ഫണ്ട് | ബിൽ തീയ്യതി | |
| 1 | സുഭദ്ര W/O അയ്യപ്പൻ കൊല്ലത്തുപറമ്പിൽ, പന്താവൂർ | 40,000 | വികസന ഫണ്ട് എസ്.സി.പി | 09.02.23 | 2022-23 വർഷത്തെ പ്രോജക്ട് മുഖേന നൽകി |

| | | | | | |
|---|---|---|---|---|---|
| | വാർഡ് : 19<br>A/C നം. : 67100345682<br>IFSC : SBIN0070643 | 60,000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 28.03.23 | |
| | | 1,00,000 | സംസ്ഥാന വിഹിതം | 30.03.23 | |
| | | 60,000 | ലോൺ | 16.06.23 | Vr. 22300215, ₹2,20,000/- |
| | | 40,000 | ലോൺ | 12.10.23 | Vr. 22300559, ₹9,00,000/- |
| | | 20,000 | ജില്ലാ പഞ്ചായത്ത് വിഹിതം | 04.12.23 | BRN 23151252035500885364, ₹5,00,000/- രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| | | 1,00,000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 12.12.23 | BRN 23151252035500923987, ₹4,90,000/- |
| | | **4,20,000** | **(ആകെ ₹20,000 അധികം നൽകി)** | | |
| 2 | പ്രജില W/O സുധീഷ്<br>അമ്പലപറമ്പിൽ,<br>ഒതളൂർ<br>വാർഡ് : 13<br>A/C നം. : 42670017001 05290<br>IFSC : PUNB0426700 | 40,000 | സംസ്ഥാന വിഹിതം | 17.11.22 | 2022-23 വർഷത്തെ പ്രോജക്ട് മുഖേന നൽകി |
| | | 1,60,000 | ലോൺ | 21.02.23 | |
| | | 1,00,000 | സംസ്ഥാന വിഹിതം | 26.06.23 | Vr. 22300235, ₹7,00,000/- രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| | | 31,100 | വികസന ഫണ്ട് എസ്.സി.പി | 24.03.24 | BRN 23151252035501492460, ₹2,97,138/- |
| | | 18,800 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 13.06.24 | 2024-25 വർഷത്തെ പ്രോജക്ട് മുഖേന നൽകി |
| | | 60,000 | വികസന ഫണ്ട് എസ്.സി.പി | 03.07.24 | |
| | | 20,000 | ജില്ലാ പഞ്ചായത്ത് വിഹിതം | 17.07.24 | |
| | | 40,000 | സംസ്ഥാന വിഹിതം | 23.08.24 | |
| | | **4,69,900** | **(ആകെ ₹69,900 അധികം നൽകി)** | | |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/21.10.2024ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. 2024-25 വർഷത്തെ പ്രോജക്ട് മുഖേന നൽകിയതായി കാണിച്ച തുകകൾ ഗുണഭോക്തൃ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളെ മാത്രം ആസ്പദമാക്കിയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് ബന്ധപ്പെട്ട ട്രഷറി ബില്ലുകളും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും, അധിക തുക നൽകിയതായി ബോധ്യപ്പെട്ടാൽ ആയത് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന്റെ ഭാഗമായി തിരിച്ചടവാക്കി.

| ക്രമ നം. | പ്രവൃത്തി | അപാകത | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക (₹) | രസീത് നമ്പർ |
|---|---|---|---|---|---|
| **1** | പൊടിനിക്കുന്ന് റോഡ് പുനരുദ്ധാരണം വാർഡ് 9 (പ്രോജക്റ്റ് നമ്പർ - 52/24) | പിഴ ഈടാക്കിയില്ല | 05/23-24/17.10.2024 | 427 | 1240703074/ 21.10.2023 |
| **2** | വട്ടത്തൂർ റോഡ് പുനരുദ്ധാരണം വാർഡ് 16 (പ്രോജക്റ്റ് നമ്പർ 55/24) | പിഴ ഈടാക്കിയില്ല | 05/23-24/17.10.2024 | 613 | 1240703070/ 21.10.2023 |
| **3** | വെറ്ററിനറി ഹോസ്പിറ്റലിലേക്ക് മേൽക്കൂര നിർമ്മാണം (പ്രോജക്റ്റ് നമ്പർ - | പിഴ ഈടാക്കിയില്ല | 05/23-24/17.10.2024 | 5,227 | 1240703072/ 21.10.2023 |

| | | | | | |
|---|---|---|---|---|---|
| | 170/24) | | | | |
| | **ആകെ** | | | **6,267** | |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകി - പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയുടെ കരാറുകാരനുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച് പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | ഈടാക്കേണ്ട പിഴ (₹) | |
|---|---|---|---|---|---|---|
| 1 | ജനകീയ ഹോട്ടലിന് അനുബന്ധ സൗകര്യമൊരുക്കൽ<br>പ്രോജക്റ്റ് നമ്പർ : 168/24<br>അടങ്കൽ തുക : ₹1,08,729/-<br>ഫണ്ട് : തനത് ഫണ്ട്<br>കരാറുകാരൻ : റഫീഖ്. കെ. എ.<br>പ്രൈസ് ഐഡി : 57923/2022<br>കരാർ : 35/AE/LSGD/ ALKD/2022-23 Dated 08.03.23<br>PAC : ₹75,019.77<br>ചെലവ് തുക : ₹93,455/-<br>വൗച്ചർ നമ്പർ : 22300732/28.11.23 (₹90,120/-)<br>Duration : 2 Month (As Per TS Slip)<br>TS No : LSGD/CELSGD/ EST_TS/57923/2023_5_1_1<br>Dated: 17.01.23 | 18.03.23 | 17.05.23 വരെ | 19.09.23 | 18.05.23 മുതൽ 17.08.23 വരെ | 750 |
| | | | | | 18.08.23 മുതൽ 18.09.23 വരെ (1500*32/92) | 522 |
| | | | | | **ആകെ** | **1,272** |
| 2 | ടേക്ക് എ ബ്രേക്ക് നിർമ്മാണം<br>പ്രോജക്റ്റ് നമ്പർ : 177/24<br>അടങ്കൽ തുക : ₹9,86,040/- (₹6,57,766/- തന് വർഷം)<br>ഫണ്ട് : ധനകാര്യകമ്മീഷൻ ഗ്രാന്റ് (1,53,766) + കേന്ദ്രാവിഷ്കൃത ഫണ്ട് (5,04,000) - തന്വർഷം<br>കരാറുകാരൻ : അനിൽകുമാർ<br>പ്രൈസ് ഐഡി : 58803/2022<br>കരാർ : 12/AE/LSGD/ ALKD/2022-23 Dated 13.12.22<br>PAC : ₹8,16,978.75<br>ചെലവ് തുക : ₹847502/- [₹3,28,570/- (2022-23) + ₹3,65,166/- (2023-24) + ₹1,53,766/- (2024-25)]<br>₹3,28,570/- : ബിൽ നം. 22151252035601527201/28.03.23 +<br>₹1,53,766/- : ബിൽ നം. 24151252035600356724/03.07.24<br>₹3,65,166/- : വൗച്ചർ നം. 22300566/13.10.23<br>Duration : 6 Month (As Per TS Slip)<br>TS No : LSGD/CELSGD/ EST_TS/58803/2022_5_1_1<br>Dated: 17.10.22 | 23.12.22 | 22.06.23 വരെ | 17.08.23 | 23.06.23 മുതൽ 16.08.23 വരെ (8,170*55/92) | 4,884 |
| | | | | | **ആകെ** | **4,884** |
| 3 | മുക്കിലപ്പീടിക കക്കട്ട് താഴം റോഡ് പുനരുദ്ധാരണം വാർഡ് 3<br>പ്രോജക്റ്റ് നമ്പർ : 189/24<br>അടങ്കൽ തുക : ₹6,45,206/- (TS കിട്ടിയത് 6,00,000/- രൂപക്ക്)<br>ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് റോഡ്<br>കരാറുകാരൻ : റഫീഖ് കെ എ<br>പ്രൈസ് ഐഡി - 101602/2022<br>കരാർ - 28/AE/LSGD/ ALKD/2022-23 Dated 08.03.23<br>PAC : 507861.34<br>ചെലവ് തുക : 6,44,935/-<br>₹41,337/- ബിൽ നം. 23151252035600537578/12.09.23<br>₹1,10,000/- ബിൽ നം. 23151252035601456228/23.03.24<br>Duration : 6 Month (As Per TS Slip)<br>TS No : LSGD/CELSGD/ EST_TS/101602/ 2022_5_1_1<br>Dated: 01.02.23 | 18.03.23 | 17.09.23 വരെ | 01.03.24 | 18.09.23 മുതൽ 17.12.23 വരെ | 5,079 |
| | | | | | 18.12.23 മുതൽ 29.02.24 വരെ (10,157*80/91) | 8,929 |
| | | | | | **ആകെ** | **14,008** |

| | | | | | | |
|---|---|---|---|---|---|---|
| 4 | 14ആം നമ്പർ അംഗൻവാടി മാതൃക അംഗൻവാടിയാക്കൽ<br>പ്രോജക്റ്റ് നമ്പർ : 205/24<br>അടങ്കൽ തുക : ₹7,00,000/- (2,09,671/- തന്റവർഷം)<br>ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് റോഡ് ₹2,04,025/- + ധനകാര്യകമ്മീഷൻ അവാർഡ് ₹4,30,000/-)<br>കരാറുകാരൻ : മുഹമ്മദ് തസ്ലീം ഹസ്സൻ<br>എംബുക്ക് : 10/22-23, 11/22-23, 12/22-23, 13/22-23<br>കരാർ : 3//AE/LSGD/ ALKD/2022-23 Dated 21.05.22<br>PAC : ₹6,21,200/-<br>ചെലവ് തുക : 6,34,025/-<br>₹60,329/- ബിൽ നം. 22151252035601463480/24.03.24<br>₹4,30,000/- വൗച്ചർ നം. XVFC/2022-23/P/75/28.03.23<br>₹1,43,696/- ബിൽ നം. 23151252035600371023/27.07.23<br>Duration : 6 Month (As Per Tender Notice)<br>TS Not Produced | 21.05.22 | 20.11.22 വരെ | 31.05.23 | 21.11.22 മുതൽ 20.02.23 വരെ | **6,212** |
| | | | | | 21.02.23 മുതൽ 20.05.23 വരെ | 12,424 |
| | | | | | 21.05.23 മുതൽ 30.05.23 വരെ (12,424*10/92) | 1,350 |
| | | | | | **ആകെ** | **19,986** |
| 5 | വാളുകുളം പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ : 179/24<br>അടങ്കൽ തുക : 15,65,250/-<br>ഫണ്ട് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>കരാറുകാരൻ : വി. വി. അബ്ദുള്ള<br>പ്രൈസ് ഐഡി : 4710/2022<br>കരാർ : 46/AE/LSGD/ ALKD/2022-23 Dated 29.03.23<br>PAC : ₹13,26,232.24<br>ചെലവ് തുക :₹15,23,312/-<br>₹7,79,532/- വൗച്ചർ നം. XVFC/2023-24/P/32/05.10.23<br>₹7,43,780/- വൗച്ചർ നം. XVFC/2023-24/P/56/15.03.24<br>Duration : 6 Month (As Per TS Slip)<br>TS No : LSGD/CELSGD/ EST_TS/4710/ 2022_5_1_1<br>Dated: 14.11.22 | 31.03.23 | 30.09.23 വരെ | 27.02.24 | 01.10.23 മുതൽ 31.12.23 വരെ | 13,262 |
| | | | | | 01.01.24 മുതൽ 26.02.24 വരെ (26,524*57/91) | 16,614 |
| | | | | | **ആകെ** | **29,876** |
| 6 | മാമാണിപ്പടി ഉദിനുപറമ്പ് ഡ്രൈനേജ് നിർമ്മാണം<br>പ്രോജക്റ്റ് നമ്പർ : 194/24<br>അടങ്കൽ തുക : ₹16,30,500/-<br>ഫണ്ട് : ധനകാര്യകമ്മീഷൻ അവാർഡ്<br>കരാറുകാരൻ : റഫീഖ്. കെ. എ.<br>പ്രൈസ് ഐഡി : 2623/2022<br>കരാർ : 8/AE/LSGD/ ALKD/2022-23 Dated 22.08.22<br>PAC : ₹14,55,737.72<br>ചെലവ് തുക : ₹13,60,115/-<br>₹9,47,198/- വൗച്ചർ നം. XVFC/2022-23/P/65/17.03.23<br>₹4,12,917/- വൗച്ചർ നം. XVFC/2023-24/P/31/04.10.23<br>Duration : 8 Month (As Per TS Slip)<br>TS No : LSGD/CELSGD/ EST_TS/2623/ 2022_5_1_1<br>Dated: 01.07.22 | 01.09.22 | 30.04.23 വരെ | 20.07.23 | 01.05.23 മുതൽ 19.07.23 വരെ (14,557*80/92) | 12,658 |
| | | | | | **ആകെ** | **12,658** |
| 7 | ഇന്ദിരഭവൻ റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ : 196/24<br>അടങ്കൽ തുക : ₹2,13,927/-<br>ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് റോഡ്<br>കരാറുകാരൻ : റഫീഖ് കെ എ<br>പ്രൈസ് ഐഡി : 98995/2022<br>കരാർ : 29/AE/LSGD/ ALKD/2022-23 Dated 08.03.23<br>PAC : ₹1,69,434.22<br>ചെലവ് തുക : ₹2,11,888/-<br>ബിൽ നം : 23151252035601455805/23.03.24 (₹2,11,888)<br>Duration – 5 Month (As Per TS Slip)<br>TS No-LSGD/CELSGD/ EST_TS/98995/ 2022_5_1_1<br>Dated: 10.01.23 | 18.03.23 | 17.08.23 വരെ | 18.02.24 | 18.08.23 മുതൽ 17.11.23 വരെ | 1,694 |
| | | | | | 18.11.23 മുതൽ 17.02.24 വരെ | 3,389 |
| | | | | | **ആകെ** | **5,083** |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/23-24/ 17.10.24) മേൽ പ്രവൃത്തികൾ പൊതുജനങ്ങളുടെ എതിർപ്പ്, മഴ എന്നിവ കാരണമാണ് വൈകിയതെന്നും ഇക്കാര്യം ഭരണസമിതിക്ക് അറിവുള്ളതാണെന്നുമുള്ള മറുപടിയാണ് നൽകിയത്. എന്നാൽ ഇക്കാര്യം കാണിച്ച് പ്രവൃത്തി പൂർത്തീകരണ തിയ്യതിക്കുമുമ്പ് അപേക്ഷ നൽകുകയോ, ഭരണ സമിതി തീരുമാനമെടുക്കുകയോ ചെയതതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. മാത്രവുമല്ല 24.08.23 ലെ 1ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം മേൽ പട്ടികയിലെ ക്രമ നമ്പർ 3, 7 പ്രവൃത്തികൾ ഫൈൻ ഒഴിവാക്കാതെ

ദീർഘിപ്പിക്കാൻ അനുമതി നൽകിയതായി കണ്ടു.
മേൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് അനുസൃതമായി പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ശരാശരി 1 മീറ്റർ വീതിയിലും ആഴത്തിലും മണ്ണ് നീക്കം ചെയ്യിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | നീക്കം ചെയ്ത മണ്ണിന്റെ അളവ് |
|---|---|---|
| 1 | കക്കിടിക്കൽ കുരുത്തിച്ചാൽ റോഡ് റീടാറിംഗ് വാർഡ് 2 (181/24)<br>Price Id 31837/2022_5_1_1 | 54.550 $M^3$ |
| 2 | മാമാണിപ്പടി ഉദിനു പറമ്പ് ഡ്രൈനേജ് നിർമ്മാണം (194/24)<br>Price Id 2623/2022_5_1_1 | 207.157 $M^3$ |
| 3 | ഇന്ദിരഭവൻ റോഡ് പുനരുദ്ധാരണം (196/24)<br>Price Id 98995/2022_5_1_1 | 27 $M^3$ |

പ്രവൃത്തികളിൽ മാനുവൽ (യന്ത്രങ്ങൾ ഉപയോഗിക്കാതെ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി) ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദനീയമായത്.
മണ്ണ് നീക്കം ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ അധിക നിരക്കിലുള്ള ഇനം ഉൾപ്പെടുത്തിയതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/23-24/17.10.2024) 3.5.2, 3.5.3 തുടങ്ങിയ സ്പെസിഫിക്കേഷനുകൾ വലിയ യന്ത്രങ്ങൾ ഉപയോഗിച്ച് ബൾക്കായി മണ്ണ് മാറ്റുന്നതിന് വേണ്ടിയുള്ളതാണെന്നും, സൂക്ഷ്മതയോടെ നിലവിലെ റോഡിനും റോഡിനോടു ചേർന്നുള്ള സ്വകാര്യ വ്യക്തിയുടെ മതിലുപോലുള്ള നിർമ്മാണങ്ങൾക്കും കേടുപാടുകൾ സംഭവിക്കാതെയും പ്രവൃത്തി നടപ്പിലാക്കാൻ മേൽ സ്പെസിഫിക്കേഷനുകൾ അപര്യാപ്തമാണെന്നും അറിയിച്ചു. MoRD Code 3.5.2 Or 3.5.3 -പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള യന്ത്രങ്ങൾ/ ഉപകരണങ്ങൾ സൈറ്റ് ഉപയോഗിക്കാൻ കഴിയില്ലെങ്കിൽ സാധാരണയായ മണ്ണ് നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്ന JCB/ Hitachi എന്നിവ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2023-24 ൽ നടപ്പാക്കിയ പ്രൊജക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

### 1. പ്രവൃത്തികളുടെ നടത്തിപ്പ്

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 101 പ്രൊജക്കുകളാണ് തയ്യാറാക്കിയത്. ഇതിൽ 47 പ്രൊജക്കുകളിലായി ആകെ 2,26,91,404/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പ്രൊജക്കുകൾ | 101 | ആകെ അടങ്കൽ (₹) | 7,51,51,544 |
| നടപ്പിലാക്കിയത് | 47 | ചെലവ് (₹) | 2,26,91,404 |
| ശതമാനം | 47% | ചെലവ് ശതമാനം | 30.19% |

സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തത് മൂലം ഫണ്ടുകൾ ലാപ്സാവുന്നുണ്ട്. സമയ ബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/2023-24/17.10.2024) പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ സാങ്ഷൻ നേടി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചപ്പോഴേക്കും കാലാവസ്ഥ പ്രതികൂലമാവുകയും ഉദ്യോഗസ്ഥർ ലീവിൽ പോവുകയും ചെയ്തതിനാലും, പദ്ധതി പ്രവർത്തനങ്ങളല്ലാതെ ബിൽഡിംഗ്റൂൾ പരിശോധന, മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവൃത്തികളുടെ വാലുവേഷൻ, പ്രകൃതി ദുരന്തങ്ങളുടെ നഷ്ടകണക്ക് തയ്യാറാക്കൽ എന്നിങ്ങനെയുള്ള ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടി വന്നതിനാലും, 2 ഓവർസിയർ മാത്രമുള്ള കാര്യാലയത്തിൽ ഒരാൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതല വഹിക്കേണ്ടി വന്നതിനാലും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിച്ച് പദ്ധതികളുടെ എണ്ണം കുറച്ച് അടങ്കൽ വർദ്ധിപ്പിച്ചാൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ച് ഫണ്ട് ലാപ്പാവുന്നത് ഒഴിവാക്കാവുന്നതാണെന്നും മറുപടി നൽകി. ഇക്കാര്യത്തിൽ ഭരണ സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 2. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും.

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. ആയവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി പൂർത്തീകരിച്ച് ഭരണസമിതിക്ക് നൽകിയിട്ടുണ്ടെന്നും ആയത് 23.08.2024 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

### 3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ, സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 4. ആസ്തി രജിസ്റ്റർ.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ആയതിന്റെ നടപടികൾ പൂർത്തീകരിച്ചു വരികയാണെന്ന മറുപടിയാണ് നൽകിയത്. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 1-24 സർക്കാർ സ്കൂളുകൾക്ക് പത്രം, ബാലമാസിക : അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് : 269/2024 സർക്കാർ സ്കൂളുകൾക്ക് പത്രം, ബാലമാസിക

അടങ്കൽ : ₹75,000/- (തനത് ഫണ്ട്)

ചെലവ് : ₹74,300/- (വൗച്ചർ നമ്പർ 22301014/06.02.2024)

ഹെഡ് മാസ്റ്റർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം താഴെ പറയും പ്രകാരം വിവിധ ആളുകൾക്ക് തുക നൽകിയിട്ടുണ്ട് .

| ക്രമ നം. | തുക (₹) | കൈപ്പറ്റിയ ആൾ | ഇൻവോയ്സ് / കൈപ്പറ്റ് രശീതി നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 19,300 | എം. എം. പരമേശ്വരൻ, ട്രഷറർ, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് | ഇൻവോയ്സ് നമ്പർ 51/28.12.2023 | 350 രൂപയുടെ 55 യുറീക്കാ മാസികകൾ വാങ്ങിയതിനും ഹാൻഡ്ലിംഗ് ചാർജ്ജിനുമായി നൽകിയ തുക |
| 2 | 30,000 | ദേശാഭിമാനി പബ്ലിക്കേഷൻ | REC/ MPM/23-24/9388 തീ. 07.02.2024 | പഞ്ചായത്തിലെ 14 സ്കൂളുകൾ, 2 വായനശാലകൾ, 2 ക്ലബുകൾ, പഞ്ചായത്ത് ഓഫീസ്, പി.എച്ച്.സി എന്നിങ്ങനെ 25 സ്ഥാപനങ്ങളിൽ പത്രം വിതരണം ചെയ്യുന്നതിനായി നൽകിയ തുക. |
| 3 | 25,000 | ക്ലാസ്മേറ്റ്സ് ബുക്ക് സ്കൂൾ സ്റ്റേഷനറീസ്, ചങ്ങരംകുളം | 239/20.12.2023 | 25 രൂപയുടെ 624 മാജിക് പോട്ട്, 30 രൂപയുടെ 320 മിന്നാമിന്നി എന്നിവ വാങ്ങിയതിന് നൽകിയ തുക |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ പട്ടികയിലെ ക്രമ നമ്പർ 1 പ്രകാരമുള്ള യുറീക്കാ മാസികകൾ വിതരണം ചെയ്തത് ആർക്കൊക്കെയാണെന്നത് ഫയലിൽ നിന്നും വ്യക്തമല്ല. മാസികകൾ കൈപ്പറ്റിയവരുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, ബുക്കുകൾ 13 സ്കൂളുകളിലേക്കായി വിതരണം ചെയ്തതാണെന്ന് അറിയിച്ചു. എന്നാൽ ബന്ധപ്പെട്ട സ്കൂളുകളിൽ ബുക്കകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല. മാസികകൾ കൈപ്പറ്റിയവരുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 19,300/- തടസ്സം ചെയ്യുന്നു.
2. മേൽ പട്ടികയിലെ ക്രമ നമ്പർ 2 പ്രകാരം ഏതെല്ലാം സ്ഥാപനങ്ങളിലാണ് പത്രം വിതരണം ചെയ്തത് എന്നതിന്റെ രേഖകൾ, പത്രം വിതരണം ചെയ്ത കാലയളവ്, ബില്ല്, പത്രം വിതരണം ചെയ്തതു സംബന്ധിച്ച് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ആയത് ഗ്രാമ പഞ്ചായത്തിലെ 14 സ്കൂളുകൾ, 2 ക്ലബുകൾ, 2 വായനശാലകൾ, പി.എച്ച്.സി, ഗ്രാമ പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലായി വിതരണം ചെയ്തിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്. ടി. സ്ഥാപനങ്ങളിൽ പത്രം ലഭ്യമായതിന്റെ കാലയളവ്, ബില്ല് എന്നിവ സഹിതം സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 30,000/- രൂപ തടസ്സം ചെയ്യുന്നു.
3. മേൽ പട്ടികയിലെ ക്രമ നമ്പർ 3 പ്രകാരമുള്ള ബുക്കുകളുടെ വിതരണ വിവരം ലഭ്യമാക്കേണ്ടതാണെന്നും, ടി ബുക്കുകൾ *ക്ലാസ്മേറ്റ്സ് ബുക്ക് സ്കൂൾ സ്റ്റേഷനറീസ്*, ചങ്ങരംകുളം എന്ന സ്ഥാപനത്തിൽ നിന്നു തന്നെ വാങ്ങുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങളുടെ അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, ബുക്കുകൾ 13 സ്കൂളുകളിലേക്കായാണ് വിതരണം ചെയ്തതെന്നും കൈപ്പറ്റ് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ *ക്ലാസ്മേറ്റ്സ് ബുക്ക് സ്കൂൾ സ്റ്റേഷനറീസ്*, ചങ്ങരംകുളം എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തത് പ്രോക്വയർമെന്റ് കമ്മിറ്റിയാണെന്നും അറിയിച്ചു. എന്നാൽ പ്രോക്വയർമെന്റ് കമ്മിറ്റി മിനുട്ടിൽ ഇത്തരത്തിലൊരു പർച്ചേസ് നടത്തുന്നതിനെ സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള പർച്ചേസ് നടത്തുമ്പോൾ ക്വട്ടേഷൻ ക്ഷണിച്ച് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ബുക്കുകളുടെ വിതരണ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 25,000/- രൂപ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി 16/2023-24/19.10.2024

## 1-25 വിവിധ പർച്ചേസ് പ്രവൃത്തികൾ - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹിച്ച താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സാധനങ്ങൾ ടെണ്ടർ നടപടികൾ വഴി വാങ്ങി വിവിധ സ്കൂളുകൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ (₹) | ഫണ്ടിനം | ചെലവു തുക (₹) | ബിൽ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 110/24 സ്കൂൾ ലൈബ്രറിയിലേക്ക് അനുബന്ധ സൗകര്യങ്ങൾ | 1,50,000 | വികസനഫണ്ട്-ജനറൽ | 1,49,988 | 23151252036100 752630/07.11.23 | ടെണ്ടർ നടപടികളിലൂടെ 8 സ്ഥാപനങ്ങളിൽ നിന്നും തെരെഞ്ഞെടുത്ത IMPACT Enterprises എന്ന സ്ഥാപനത്തിൽ നിന്നും Library Shelf (6 Nos.), Book Rack Steel (12 Nos.) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | എന്നിവ പർച്ചേസ് ചെയതു. |
| 2 | 115/24 ഗവ.സ്കൂളുകൾക്ക് ഫർണിച്ചർ | 2,50,000 | വികസനഫണ്ട്-ജനറൽ | 2,46,738 | 23151252036100 752623/28.10.23 | ടെണ്ടർ നടപടികളിലൂടെ 6 സ്ഥാപനങ്ങളിൽ നിന്നും തെരെഞ്ഞെടുത്ത IMPACT Enterprises എന്ന സ്ഥാപനത്തിൽ നിന്നും Dual Desk - Steel Type (51 Nos.) പർച്ചേസ് ചെയതു. |
| 3 | 149/24 സ്കൂളുകളിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ | 3,00,000 | മെയിന്റനൻസ് -റോഡിതരം | 2,88,000 | 23151252036100 752642/28.10.23 | ടെണ്ടർ നടപടികളിലൂടെ 4 സ്ഥാപനങ്ങളിൽ നിന്നും തെരെഞ്ഞെടുത്ത KPM Enterprises എന്ന സ്ഥാപനത്തിൽ നിന്നും Inverter (4 Nos.) , PA System (5 Nos.), Speaker (2 Nos.), Mike Stand (8 Nos.),Wireless Mike (1 No.) Wired Mike (6 Nos.) എന്നിവ പർച്ചേസ് ചെയതു. |
| | | | | 6,84,726 | | |

പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു,

1. മേൽ പദ്ധതികൾക്കായി ടെണ്ടർ നോട്ടീസ് ക്ഷണിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമാക്കിയില്ല. ആയതിനാൽ ആവശ്യമായ സാധനങ്ങളുടെ സ്പെസിഫിക്കേഷനുകൾ വ്യക്തമാക്കിയാണോ ടെണ്ടർ ക്ഷണിച്ചതെന്നു പരിശോധിക്കാൻ കഴിഞ്ഞില്ല. ലഭ്യമാക്കിയ ടെണ്ടറുകൾ പരിശോധിച്ചതിൽ, വ്യക്തമായി സ്പെസിഫിക്കേഷൻ കാണിച്ചിട്ടില്ല റേറ്റ് ക്വാട്ട് ചെയ്തതെന്നു കണ്ടു. ആയതിനാൽ തന്നെ താരതമ്യം ചെയ്ത് മികച്ചത് കണ്ടെത്തിയത് എങ്ങനെ എന്നതിൽ വ്യക്തതയില്ല. മേൽ പ്രോജക്ടുകളുടെ ടെണ്ടർ നോട്ടീസുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലഭ്യമാക്കിയ ടെണ്ടർ നോട്ടീസ് പരിശോധിച്ചതിൽ ആവശ്യമായ സാധനങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെയാണ് ടെണ്ടറുകൾ ക്ഷണിച്ചതെന്ന് വ്യക്തമായി. ക്രമ നമ്പർ 2 പ്രോജക്റ്റിനായി Steel Frame Duel Desk 4 Foot Powder Coated 30 Numbers എന്നു മാത്രമാണ് ടെണ്ടർ നോട്ടീസിൽ പറഞ്ഞിട്ടുള്ളത്. മുകൾഭാഗം ഏത് ഐറ്റമാണ് (മരം, റബ്ബ്വുഡ്, പാർട്ടിക്കിൾ ബോർഡ്) വേണ്ടതെന്നു പറഞ്ഞിട്ടില്ല. ടെണ്ടറുകൾ ക്ഷണിക്കുമ്പോൾ കൃത്യമായ സ്പെസിഫിക്കേഷൻ നോട്ടീസിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ക്രമ നമ്പർ 3 പ്രകാരമുള്ള പർച്ചേസ് ജെം വഴി ചെയ്യേണ്ടതായിരുന്നു . എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. പ്രോക്വയർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മേൽ പട്ടികയിലെ ക്രമനമ്പർ 3 പ്രകാരമുള്ള പർച്ചേസിനായി സ്ഥാപനത്തെ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല എന്ന അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആയത് വിട്ടു പോയതാണെന്നും മേലിൽ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകി.

3. മേൽ പദ്ധതികൾക്കായി ടെണ്ടർ നടപടികൾ വഴി കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഭരണസമിതി അംഗീകരിച്ച തീരുമാനം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് ടെണ്ടർ നടപടികൾ വളരെ സുതാര്യമായിരുന്നു റേറ്റ് കുറച്ച് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തത് എന്നുമാണ് അറിയിച്ചത്. എന്നാൽ ആയതു സംബന്ധിച്ച ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

4. സ.ഉ (കൈ) നം. 84/2022/ത.സ്വ.ഭ.വ, തിയ്യതി 19.04.2022 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.6 (12) പ്രകാരം സർക്കാർ ഹൈസ്കൂളിനോട് / ഹയർ സെക്കൻഡറി സ്കൂളിനോട് ചേർന്നുള്ള എൽ.പി, യു.പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെയാണ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാവുന്നത്. മേൽ പ്രോജക്ടുകൾ പ്രകാരം GHSS കോക്കൂരിന് (Inverter (1 No.), PA System (1 No.), Mike Stand (2 Nos.), Wired Mike (2 Nos.) , Duel Desk -Steel Type (15 Nos.) Library Shelf (2 Nos.), Book Rack Steel (3 Nos.) എന്നിവ നൽകിയിട്ടുണ്ട്. ആയതിന് ജില്ലാ പഞ്ചായത്തിൽനിന്നും അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ജില്ലാ പഞ്ചായത്ത് ഈ വർഷത്തിൽ ഇത്തരം പദ്ധതി നടപ്പിലാക്കിയതായി അറിവില്ലെന്നും ഭാവിയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും സമ്മത പത്രം വാങ്ങുമെന്നും അറിയിച്ചു. ജില്ലാ പഞ്ചായത്തിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ചു അനുബന്ധ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 6,84,726/- തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി 17/2023-24/19.10.2024)

## 1-26 തുടർ സാക്ഷരത - കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : 109/24 തുടർ സാക്ഷരതാ പദ്ധതി

അടങ്കൽ : ₹2,00,000/-(തനത് ഫണ്ട്)

ചെലവ് : ₹68,400/- (വൗച്ചർ നമ്പർ. 22301248/27.03.2024)

ഹെഡ്മാസ്റ്റർ നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം പത്താം ക്ലാസ് തുല്യത, +1 തുല്യത, +2 തുല്യത എന്നിവക്കായി 29 പഠിതാക്കൾക്കായി താഴെ പറയും പ്രകാരം തുക ജില്ലാ സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്.

| ക്രമ നം | ഇനം | പഠിതാക്കളുടെ എണ്ണം | യൂണിറ്റ് തുക (₹) | ആകെ തുക |
|---|---|---|---|---|

| | | | | (₹) |
|---|---|---|---|---|
| 1 | പത്താം ക്ലാസ് തുല്യത, | 2 | 1,950 | 3,900 |
| 2 | +1 തുല്യത | 8 | 2,600 | 20,800 |
| 3 | +2 തുല്യത | 19 | 2,300 | 43,700 |
| | **ആകെ** | | | **68,400** |

പ്രോജക്ട് പ്രകാരം വകയിരുത്തിയ തുക നിക്ഷേപിച്ചത് രേഖാമൂലം സാക്ഷരതാ മിഷനെ അറിയിച്ച് തുകയുടെ കൈപ്പറ്റ് രശീതി വാങ്ങണമെന്ന് കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 27.10.2017 ലെ എ6-2916/16/ കേ.സം.സാ.മി.അ നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. എന്നാൽ 68,400/- രൂപ നിക്ഷേപിച്ചതിന്റെ കൈപ്പറ്റ് രശീതി ഫയലിൽ ലഭ്യമല്ല . ആയത് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/2023-24/19.10.2024) മറുപടിയായി, ആയതിനു കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതു വരെ ചെലവു തുക 68,400/- തടസ്സത്തിൽ വെക്കുന്നു.

## 1-27 തൊഴിൽ മേള സംഘടിപ്പിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1) പ്രൊജക്ട് : 264/24 - തൊഴിൽ മേള സംഘടിപ്പിക്കൽ

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : ₹1,00,000/- (തനത് ഫണ്ട്)
ചെലവ് : ₹97,300

1. വൗച്ചർ നമ്പർ : 22300870/30.12.2023, ₹64,800
2. വൗച്ചർ നമ്പർ : 22300871/30.12.2023, ₹32,500

ആകെ : 97,300/-

1. ബിൽ നമ്പർ 408/30.12.2023, ₹64,800/- ഫുഡ് സിറ്റി ചങ്ങരംകുളം (റിഫ്രഷ്മെന്റ്)
2. ബിൽ നമ്പർ 1034/30.12.2023 ₹32,500/- മാസ് ലൈറ്റ് & സൗണ്ട്, ചങ്ങരംകുളം (അനൗൺസ്മെന്റ്, മറ്റു അനുബന്ധ സൗകര്യങ്ങൾക്ക്)

2) പ്രൊജക്ട് : 271/24 - സംരഭകത്വ ക്ല ്
നിർവ്വഹണം : ഹെഡ്മാസ്റ്റർ

അടങ്കൽ : ₹75,000/-(തനത് ഫണ്ട്)
ചെലവ് : ₹74,750

1. വൗച്ചർ നമ്പർ : 22300899/01.01.2024, ₹43,750
2. വൗച്ചർ നമ്പർ : 22300902/04.01.2024, ₹31,000

ആകെ : 74,750/-

1. ബിൽ നമ്പർ 1033/27.12.2023 ₹31,000/- മാസ് ലൈറ്റ് & സൗണ്ട്, ചങ്ങരംകുളം (അനൗൺസ്മെന്റ്, മറ്റു അനുബന്ധ സൗകര്യങ്ങൾക്ക്)
2. ബിൽ നമ്പർ 407/27.12.2023 ₹43,750/- ഫുഡ് സിറ്റി ചങ്ങരംകുളം (റിഫ്രഷ്മെന്റ്)

31.10.2023 ലെ സ.ഉ.(സാധാ)നം.2128/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ തൊഴിൽ മേള നടത്തുന്നതിനാണ് മേൽ പദ്ധതികൾ സെക്രട്ടറിയും ഹെഡ്മാസ്റ്ററും നിർവ്വഹിച്ചിട്ടുള്ളത്. 30.12.2023 ന് 10 മണി മുതൽ എസ്.എം. സ്കൂൾ ചങ്ങരംകുളത്ത് വെച്ചാണ് സെക്രട്ടറി നിർവ്വഹണം നടത്തിയ തൊഴിൽമേള സംഘടിപ്പിച്ചിട്ടുള്ളത്. സമാന പദ്ധതിയായ സംരഭകത്വ ക്ലബ്ബും നിർവ്വഹണം നടത്തിയിട്ടുള്ളത് 30.12.2023 ന് 10 മണി മുതൽ എസ്.എം.സ്കൂൾ ചങ്ങരംകുളത്ത് വെച്ചാണ്. മേൽ പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക നം 4.3.Ii പ്രകാരം തൊഴിൽമേള നടത്തിപ്പിനാവശ്യമായ ചെലവിന്റെ 30 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള നോളജ് ഇക്കോണമി മിഷൻ നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം മേൽ ചെലവിന്റെ 30 ശതമാനം ലഭ്യമായതിന്റെ വിവരം ഫയലുകളിൽ ലഭ്യമല്ല.

2. പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3. പങ്കെടുത്ത തൊഴിൽ ദാതാക്കൾ മുഖേന തൊഴിൽ ലഭിച്ചവരുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

4. മേൽ ഉത്തരവ് ഖണ്ഡിക നമ്പർ 4.3.Iv പ്രകാരം ഈ പ്രോജക്ട് സെക്രട്ടറിയാണ് നിർവ്വഹിക്കേണ്ടത്. എന്നാൽ ഇതേ പദ്ധതി സംരഭകത്വ ക്ലബ്ബ് എന്ന പേരിൽ ഹെഡ്മാസ്റ്ററും നിർവ്വഹിച്ചിട്ടുണ്ട്.

5. മേൽ രണ്ട് പദ്ധതികളിലും ഒരേ കമ്പനികൾ ആണ് പങ്കെടുത്തിട്ടുള്ളത്. ഉദാഹരണമായി Flair Group, Pride, Astron Group, Metrious Group, Team Waves. ഇവർ നൽകിയ സേവനങ്ങളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/2023-24/19.10.2024) ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ മേളയിൽ 402 പേർ പങ്കെടുത്തെന്നും അവരിൽ 39 ഉദ്യോഗാർത്ഥികളെ വിവിധ കമ്പനികൾ സെലക്ട് ചെയ്യുകയും 77 പേരുടെ ഷോർട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും കേരള നോളജ് ഇക്കോണമി മിഷനിൽ നിന്നും തുക ലഭ്യമായിട്ടില്ലെന്നും അറിയിച്ചു.

ചെലവ് തുകയുടെ 30 ശതമാനം കേരള നോളജ് ഇക്കോണമി മിഷനിൽ നിന്നും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. തൊഴിൽ ലഭിച്ചവരുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സമാന പദ്ധതി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-28 നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി യിലേക്ക് തുക അടവാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവ് തുക ₹6,14,800/-തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ : 41/2024 - സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ

അടങ്കൽ : ₹6,14,800/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : ₹6,14,800/-

വൗച്ചർ നമ്പർ : XVFC/2023-24/P/69/28.03.2024, ₹6,14,800/-

സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ നടത്തുന്നതിന് ചാലിശ്ശേരി കെ.എസ്.ഇ.ബി സെക്ഷനിലേക്ക് നിക്ഷേപ പ്രവൃത്തിക്കായി തുക അടവാക്കിയിട്ടുണ്ട്. 04.10.2024 ലെ എ-24656 പ്രകാരം സെക്രട്ടറി വിനിയോഗ വിവരം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി യ്ക്ക് കത്ത് നൽകി. 15.10.2024 ലെ DB/ES Chy/ Alamcode Panchayath/2024-25 പ്രകാരം ലഭ്യമാക്കിയ വിനിയോഗ വിവരത്തിൽ മേൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നാണ്

അറിയിച്ചിട്ടുള്ളത്.

മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 11/23-24/19.10.2024) ലഭ്യമാക്കിയ മറുപടിയിൽ, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക ₹6,14,800/- തടസ്സം ചെയ്യുന്നു.

## 1-29 പൊതു കുടിവെള്ള ടാപ്പുകൾ ഒഴിവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിലേക്ക് തുക അടവാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവ് തുക ₹5,00,000/- തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ : 252/2024 – പൊതു കുടിവെള്ള ടാപ്പുകൾ ഒഴിവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിലേക്ക് തുക അടവാക്കൽ

അടങ്കൽ : ₹5,00,000/- (തനത് ഫണ്ട്)

ചെലവ് : ₹5,00,000/-

വൗച്ചർ നമ്പർ -22300495/30.09.2023, ₹5,00,000/-

സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 01.07.2023 ലെ KWA/PH/EDPL/DB GENERAL/2022 ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ 275 പൊതു ടാപ്പുകൾ ഒഴിവാക്കുന്ന പ്രവൃത്തിക്കായി വാട്ടർ അതോറിറ്റി, എടപ്പാൾ സെക്ഷനിലേക്ക് നിക്ഷേപ പ്രവൃത്തിക്കായി മേൽ വൗച്ചർ പ്രകാരമുള്ള തുക അടവാക്കിയിട്ടുണ്ട്. 04.10.2024 ലെ എ-4656/24 പ്രകാരം സെക്രട്ടറി വിനിയോഗ വിവരം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി. 15.10.2024 ലെ ES-Public TapNMK-ALC/2024 പ്രകാരം ലഭ്യമാക്കിയ കത്തിൽ മേൽ പ്രവൃത്തിയുടെ 90 ശതമാനം പൂർത്തിയാക്കിയിട്ടുണ്ടെന്നും പ്രവൃത്തി ഉടനെ പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 12/23-24/ 19.10.2024) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക ₹5,00,000/- തടസ്സം ചെയ്യുന്നു.

## 1-30 അങ്കണവാടിയിൽ വെയിംഗ് മെഷീൻ വിതരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകത.

പ്രോജക്ട് : 108/24 – അങ്കണവാടിയിൽ വെയിംഗ് മെഷീൻ വിതരണം

നിർവ്വഹണോദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ : ₹1,39,000/- (1,19,000/- ധനകാര്യ കമ്മീഷൻ അവാർഡ്, 20,000/- തനത് ഫണ്ട്)

വൗച്ചർ നമ്പർ : XVFC/2023-24/P/51/05.03.2024, ₹74,090 /-

ജി.ഒ.(പി)നം.7/19/എസ്.പി.ഡി തിയതി 26.04.2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ഗവണ്മെന്റ് ഇ - മാർക്കറ്റ് പ്ലേസ് (GeM) വെബ് പോർട്ടൽ മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പു മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ *HEADCO പന്തീരാങ്കാവ്* എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെയാണ് ₹74,090/- (ഇൻവോയ്സ് നമ്പർ M000114/09.11.2023 ) ചെലവഴിച്ച് 31 വെയിംഗ് മെഷീനുകൾ വാങ്ങിയിട്ടുള്ളത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 14/19.10.2024) ലഭ്യമാക്കിയ മറുപടിയിൽ തുടർ വർഷത്തെ വാങ്ങലുകൾ GeM മുഖേന നടത്തുന്നതാണെന്ന് അറിയിച്ചു. ഭാവിയിലെ വാങ്ങൽ നടപടികൾ സർക്കാർ ഉത്തരവിനു വിധേയമായി സ്വീകരിക്കേണ്ടതാണ്.

## 1-31 ജി.എസ്.ടി - ടി.ഡി.എസ് നടത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് : 27/24 – എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : ₹7,00,000/- ( വികസന ഫണ്ട്)

ചെലവ് : ₹3,95,650/

ബിൽ നം. : 23151252033701059285/11.01.2024 ₹3,95,650/-

ഇൻവോയ്സ് നമ്പർ : IT/23-24L521/29.12.2023 ₹3,95,650/-

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000/- രൂപയ്ക്കു മുകളിലാണെങ്കിൽ CGST നിയമം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി. ടി.ഡി.എസ് നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2% ആണ് ടി.ഡി.എസ് നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്.

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത് *IT Professional Co-Operative Society, Trivandrum* എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇൻവോയ്സുകൾ പ്രകാരം നികുതി കിഴിച്ചുള്ള വില 3,35,296/- രൂപയാണ്. ആയതിന്റെ 2% ആയ 6,705/- രൂപ ടി.ഡി.എസ് നടത്തേണ്ടതായിരുന്നു.

ജി.എസ്.ടി. ടി.ഡി.എസ് നടത്താതെ പേയ്മെന്റ് നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 15/23-24 തീയതി.19.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 ആശ്രയ പദ്ധതി - ചെലവ് വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് : 63/24 – ആശ്രയ പദ്ധതി

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : ₹3,00,000/- (വികസന ഫണ്ട്)

ബിൽ നം. 23151252033701515115/25.03.2024 ₹3,00,000/-

മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 3744101009588) മേൽ ബിൽ പ്രകാരമുള്ള

തുക അനുവദിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഈ തുകയുടെ ചെലവ് രേഖകൾ/വിശദമായ വിനിയോഗ വിവരം ലഭ്യമല്ല.

ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 3/17.10.2024) ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ മേൽ തുകയിൽ ഓഡിറ്റ് തീയതി വരെ 1,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ചെലവഴിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-33 എസ്.എസ്.കെ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹11,87,372/- തടസ്സം ചെയ്യുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |
|---|---|---|
| പ്രൊജക്ട് | 3/24 – എസ്.എസ്.കെ വിഹിതം നൽകൽ – ജനറൽ | 29/24 - എസ്.എസ്.കെ വിഹിതം അടവാക്കൽ – എസ്.സി. |
| അടങ്കൽ (₹) | 8,00,000/- (വികസന ഫണ്ട് ജനറൽ) | 5,66,814/- (വികസന ഫണ്ട് എസ്.സി.പി ) |
| ചെലവ് (₹) | 8,00,000/- (വികസന ഫണ്ട് ജനറൽ) | 5,66,814/- (വികസന ഫണ്ട് എസ്.സി.പി ) |
| BRN | 23151252001700755812/08.11.2023 :₹8,00,000/- | 23151252001700755895/08.11.2023 :₹5,66,814/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റുകൾ പ്രകാരം 13,66,814/- രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ യ്ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ) നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 13,66,814/- രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്‌കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. (പ്രൊജക്ട് ഫയലിലുള്ള ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ എസ്.എസ്.കെ. യുടെ 18.06.2024 ലെ എ-1646/23/Ssk പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗ രേഖ അനുശാസിക്കും പ്രകാരമുള്ളതല്ല).

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 4/17.10.2024 ) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ വിവരം ലഭിക്കുന്നതിന് എസ്.എസ്.കെ. ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാകുന്നതാണെന്നും അറിയിച്ചു. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹13,66,814/- തടസ്സം ചെയ്യുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | പ്രൊജക്ട് നം, പേര് | ലഭിച്ച തുക | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|

| സ്ഥാപനം | | (₹) | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 11/24 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,28,000 | 3,28,000 | 0 |
| | 12/24 - സ്ഥിരം നെൽകൃഷിക്ക് സബ്സിഡി | 4,62,081 | 4,62,081 | 0 |
| | 14/24 - ലൈഫ് ഭവന പദ്ധതി ജനറൽ | 13,00,000 | 13,00,000 | 0 |
| | 17/24 - ലൈഫ് ഭവന പദ്ധതി എസ്.സി.പി | 14,70,000 | 14,70,000 | 0 |
| | 66/24 - പാലിന് സബ്സിഡി ജനറൽ | 4,00,000 | 4,00,000 | 0 |
| | **ആകെ** | **39,60,081** | **39,60,081** | **0** |
| ജില്ലാ പഞ്ചായത്ത് | 11/24 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,70,000 | 1,70,000 | 0 |
| | 12/24 - സ്ഥിരം നെൽകൃഷിക്ക് സബ്സിഡി | 8,09,552 | 8,09,552 | 0 |
| | 14/24 - ലൈഫ് ഭവന പദ്ധതി ജനറൽ | 7,40,000 | 7,40,000 | 0 |
| | 17/24 - ലൈഫ് ഭവന പദ്ധതി എസ്.സി.പി | 5,00,000 | 5,00,000 | 0 |
| | **ആകെ** | **22,19,552** | **22,19,552** | **0** |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം.,തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 41/2024 - സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | XVFC/2023-24/ P/ 69/28.03.2024 | 6,14,800 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 6,14,800 |
| കേരള വാട്ടർ അതോറിറ്റി | 252/2024 – പൊതു കുടിവെള്ള ടാപ്പുകൾ ഒഴിവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിലേക്ക് തുക അടവാക്കൽ | 22300495/ 30.09.2023 | 5,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 5,00,000 |
| **ആകെ** | | | **11,14,800** | **0** | **11,14,800** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി – KURDFC | – | 1,60,48,824 | 2,09,60,000 | 27,41,767 | - | 3,42,67,057 |
| 2 | കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള ലോൺ | – | 5,163 | 1765 | - | - | 6,928 |
| | **ആകെ** | | **1,60,53,987** | **2,09,61,765** | **27,41,767** | **0** | **3,42,73,985** |

**കുറിപ്പ്** :- ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലെഡ്ജർ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (₹) | 14,600 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 0 |
| ആകെ (₹) | 14,600 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം (₹) | 14,600 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നം./ തീയ്യതി |
|---|---|---|---|
| 1 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, | 1,000 | 3/27.07.1977 |
| 2 | ദി പൊന്നാനി മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 13,600 | 19/31.03.1970 |
| | **ആകെ** | **14,600** | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 17,035/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2021-22 | 1-25 | 6,365 | ശ്രീ. കെ. ബാലകൃഷ്ണൻ, കരാറുകാരൻ | 1230300471/03.05.2023 |
| 2021-22 | 1-15 | 2,500 | പ്രിൻസിപ്പൽ, അസബാഹ് ആർട്ട് & സയൻസ് കോളേജ് | 1230301431/16.06.2023 |
| 2021-22 | 1-15 | 2,500 | പ്രിൻസിപ്പൽ, സംസ്കൃതി സ്കൂൾ | 1230301460/19.06.2023 |
| 2021-22 | 1-15 | 2,340 | പ്രിൻസിപ്പൽ, എം.വി.എം റെസിഡൻഷ്യൽ സ്കൂൾ | 1230600645/24.11.2023 |
| 2021-22 | 1-15 | 3,330 | പ്രിൻസിപ്പൽ, എം.വി.എം റെസിഡൻഷ്യൽ സ്കൂൾ | 1230600646/24.11.2023 |
| **ആകെ** | | **17,035** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2003-04 | പൊതു പരാമർശം | ട്രാക്ടർ വാങ്ങിയതിലെ അപാകത | നടപടി തുടരുന്നു. |
| - | - | 2013-14 | ലഭ്യമല്ല | ലഘു അവലോകനം (പെർഫോമൻസ് ഗ്രാന്റ്) | നടപടി തുടരുന്നു. |
| 2017-18 | 3(1) | 2018-19 | ലഭ്യമല്ല | വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടത്തിൽ അറ്റകുറ്റ പണി | നടപടി തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്,ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക (₹) | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പർ/ തീയ്യതി | തുക (₹) | | | ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1998-99 | 40, 46, 47 | പി. സുബ്രഹ്മണ്യൻ സെക്രട്ടറി പഞ്ചായത്ത് വകുപ്പ് | LF 22378/ Spl.Cell/ SC5/04 17.5.06 | 1,77,855 | | | 1,77,855 | | | | ഒപി-245/ 06 ഡി. സി. മഞ്ചേരി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 22,59,45,504 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 22,26,18,663 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 33,17,540 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

ഇല്ല.

**സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 7,500 | ഡോ. അനുപമ. കെ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-15 | 1,000 | ഡോ. അനുപമ. കെ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-24 | 74,300 | ശ്രീ. കെ. സുരേഷ്, ഹെഡ് മാസ്റ്റർ |
| 1-25 | 6,84,726 | ശ്രീ. കെ. സുരേഷ്, ഹെഡ് മാസ്റ്റർ |
| 1-26 | 68,400 | ശ്രീ. കെ. സുരേഷ്, ഹെഡ് മാസ്റ്റർ |
| 1-28 | 6,14,800 | ശ്രീമതി. ജഗദമ്മ. എം, സെക്രട്ടറി |
| 1-29 | 5,00,000 | ശ്രീമതി. ജഗദമ്മ. എം, സെക്രട്ടറി |
| 1-33 | 13,66,814 | ശ്രീമതി. ജഗദമ്മ. എം, സെക്രട്ടറി |
| **ആകെ** | **33,17,540** | |

**ഡി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1998-99 | കെ.എസ്.എ.എംപി.എം.5/1667/2022(2) തിയ്യതി 08.08.2023 | 5 |
| 2 | 1999-00 | കെ.എസ്.എ.എംപി.എം.17/1810/14 തിയ്യതി 16.02.2015 | 9 |
| 3 | 2001-02 | കെ.എസ്.എ.എംപി.എം.5/2084/2023(III) തിയ്യതി 15.03.2024 | 2 |
| 4 | 2002-03 | കെ.എസ്.എ.എംപി.എം.5/2084/2023(IV) തിയ്യതി 15.03.2024 | 2 |
| 5 | 2004-05 | കെ.എസ്.എ.എംപി.എം.5/197/2022(1) തിയ്യതി 10.07.2023 | 7 |
| 6 | 2005-06 | കെ.എസ്.എ.എംപി.എം.5/2084/2023(I) തിയ്യതി 15.03.2024 | 5 |
| 7 | 2006-07 | കെ.എസ്.എ.എംപി.എം.28/1835/19 തിയ്യതി 03.09.2019 | 10 |
| 8 | 2007-08 | കെ.എസ്.എ.എംപി.എം.5/197/2022(2) തിയ്യതി 21.10.2022 | 8 |
| 9 | 2008-09 | കെ.എസ്.എ.എംപി.എം.5/197/2022(3) തിയ്യതി 21.10.2022 | 9 |
| 10 | 2009-10, 2010-11 | കെ.എസ്.എ.എംപി.എം.5/197/2022(4) തിയ്യതി 21.10.2022 | 16 |
| 11 | 2011-12, | കെ.എസ്.എ.എംപി.എം.5/2537/23 | 9 |

| | | | |
|---|---|---|---|
| | 2012-13 | തിയ്യതി 05.01.2024 | |
| 12 | 2013-14, 2014-15 | കെ.എസ്.എ.എംപി.എം.5/2084/2023(II) തിയ്യതി 15.03.2024 | 15 |
| 13 | 2015-16 | കെ.എസ്.എ.എംപി.എം.28/3275/16 തിയ്യതി 08.02.2018 | 22 |
| 14 | 2016-17 | കെ.എസ്.എ.എംപി.എം.28/1426/17 തിയ്യതി 08.05.2018 | 12 |
| 15 | 2017-18 | കെ.എസ്.എ.എംപി.എം.28/1865/19 തിയ്യതി 17.09.2019 | 16 |
| 16 | 2018-19 | കെ.എസ്.എ.എംപി.എം.28/2821/20 തിയ്യതി 06.02.2021 | 12 |
| 17 | 2019-20 | കെ.എസ്.എ.എംപി.എം.5/656/22 തിയ്യതി 06.08.2022 | 22 |
| 18 | 2020-21 | കെ.എസ്.എ.എംപി.എം.5/657/22 തിയ്യതി 10.07.2023 | 14 |
| 19 | 2021-22 | കെ.എസ്.എ.എംപി.എം.5/3009/22, തിയ്യതി 20.04.2023 | 19 |
| 20 | 2022-23 | കെ.എസ്.എ.എം.പി.എം.5/2419/2023, തിയ്യതി 20.02.2024 | 19 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

എംഎ11/2024

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1/1 dated 1(1) dated 26-06-2024 and submitted on 04-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Alamcode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Alamcode Grama Panchayat as on 31-03-2024

**Date: 25/11/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Alamcode Grama Panchayat for the Year 2023-2024.**

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for auditing.

1. Ratios
2. Notes on accounts
3. Comparative amounts

2. Certain figures in the annual financial statement are not recorded in whole numbers in accordance with accounting rules.
3. Lapses in making timely and accurate demand entries in respect of tax and non-tax revenue.
4. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
5. Bank reconciliation statement and Bank account statement was not produced for certain bank accounts shown in the balance sheet.
6. Uncashed Cheques for more than 3 months were not transfered to Stale cheque account.
7. Cheque that deposited but is not credited in the bank account.
8. Amounts directly credited to bank are not taken into account.
9. The following registers are not maintained properly to ensure accuracy.

1. Loan Register
2. Advance register.
3. Asset Register
4. Property Tax Register

10. The administrative receipt and balance amounts for MGNREGS in Annual accounts and in cash book is not matching.
11. The work sheet for calculation of depreciation rate for assets is not produced before audit and hence couldnot calculate its accuracy.
12. Abstract of DCB statement in respect of property tax register (Sanchaya) was not produced for auditing.
13. Administrative expense amount in respect of Mahatma Gandhi National Rural Employment Guarantee Scheme does not tally between cashbook and accounts.
14. Worksheet for the calculation of depreciation for fixed assets was not produced for auditing.

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്